## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 361

18.03.2010-ൽ മറുപടിക്ക്.

## വ്യാവസായിക വളർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ജെ. തങ്കപ്പൻ :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. സി.കെ.പി. പത്മനാഭൻ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ വന്നശേഷം വ്യവസായ രംഗത്ത് എന്തുമാത്രം വളർച്ച ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) പ്ലാനിംഗ് ബോർഡ് പ്രസിദ്ധീകരിച്ച രേഖകൾ പ്രകാരം 2006 മുതൽ നാളിതു വരെയുള്ള വ്യവസായ വളർച്ച :<br>2006-07 - 13.46 %<br>2007-08 - 4.01 %<br>2008-09 - 8.00 %<br>ഈ സർക്കാർ വന്നശേഷം വ്യവസായ രംഗത്ത് അഭിമാനാർഹമായ വളർച്ചയാണ് ഉണ്ടായിട്ടുള്ളത്. പുതിയ വ്യവസായങ്ങൾ സംസ്ഥാനത്ത് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഇതുമൂലം അനേകർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം മേഖലകളിലാണ് കൂടുതൽ വളർച്ച നേടാൻ കഴിഞ്ഞിട്ടുള്ളത് ; | (ബി) ഭക്ഷ്യ-ഉൽപ്പന്ന വ്യവസായങ്ങൾ വസ്ത്ര നിർമ്മാണം, ലൈറ്റ് എൻജിനീയറിംഗ്, ഐ.റ്റി. മേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ, കരകൗശല മേഖലയിൽപ്പെട്ട പരമ്പരാഗത വ്യവസായങ്ങൾ ആയുർവേദ ഉൽപ്പന്ന വ്യവസായങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്ന വ്യവസായങ്ങൾ, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ. |
| (സി) പുതുതായി എത്ര വൻകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചു ; ഇവയുടെ മൊത്തം മുതൽമുടക്ക് എത്രയാണ് ; | (സി) വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 245.17 കോടി രൂപ മുതൽമുടക്കുള്ള 13 വൻകിട വ്യവസായങ്ങളും, 48.44 കോടി രൂപ മുതൽമുടക്കുള്ള എട്ട് ഇടത്തരം വ്യവസായങ്ങളും സംസ്ഥാനത്ത് ആരംഭിച്ചു. ഇവയ്ക്കു പുറമെ കെ.എസ്.ഐ.ഡി.സി-യുടെ സഹായത്തോടെ 630.39 കോടി രൂപ മുതൽമുടക്കിൽ 36 വ്യവസായ പദ്ധതികളും, വൻകിട-ഇടത്തരം മേഖലയിൽ ആരംഭിച്ചു. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ ഏകദേശം 230-ഓളം പേർക്ക് ഭൂമി അലോട്ട് ചെയ്തതു പ്രകാരം 2,61,467 ലക്ഷം രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. |

(തുടർച്ച......2)

| | |
|---|---|
| (ഡി) വ്യവസായികളെ കേരളത്തിലേക്ക് ആകർഷിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ഡി) ഉത്തരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |
| (ഇ) ഏതെല്ലാം വൻകിട പദ്ധതികൾ സംബന്ധിച്ച ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ; ഈ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ? | (ഇ) കെ.എസ്.ഐ.ഡി.സി-യുമായി ബന്ധപ്പെട്ട് ധാരണാപത്രം ഒപ്പിട്ടിട്ടുള്ള 15518 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന 66 ഇടത്തരം വൻകിട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഇവയിൽ ചില പദ്ധതികളുടെ അനുമതി ഇതിനോടകം നൽകിക്കഴിഞ്ഞു. മറ്റുള്ളവ പരിശോധിച്ചു വരികയാണ്. കിൻഫ്ര വൻകിട പദ്ധതികളുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 362 — 18-03-2010-ൽ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ

**ചോദ്യം**

ശ്രീ.ബി.ഡി.ദേവസ്സി:
ശ്രീ.എം.ഹംസ:
ശ്രീമതി.പി.അയിഷാ പോറ്റി:
ശ്രീ.സി.എം.ദിനേശ് മണി:
ശ്രീ.എ.സി.മൊയ്തീൻ:

(എ)
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇവയുടെ രൂപീകരണം സംബന്ധിച്ച നടപടികൾ വിശദീകരിക്കുമോ ;

**മറുപടി**

ശ്രീ.എം.വിജയകുമാർ
(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

(എ)
ഉണ്ട്. 2000-ലെ കേരള സ്പോർട്സ് ആക്ടിൽ സംസ്ഥാന, ജില്ലാ തലങ്ങളിലും ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻതലങ്ങളിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കണമെന്ന് വിഭാവന ചെയ്തിട്ടുണ്ട്. സംസ്ഥാന/ജില്ലാ തലങ്ങളിൽ കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. 2010 സ്പോർട്സ് വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 998 ഗ്രാമപഞ്ചായത്തുകളിലും 53 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും സ്പോർട്സ് കൗൺസിലുകൾ സമയബന്ധിതമായി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2010 ജനുവരി 20-ന് ബഹു:തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം ചേരുകയും യോഗതീരുമാന പ്രകാരം

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ഇതനുസരിച്ച് പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളുടെ വിശദ വിവരം ഡെപ്യൂട്ടി ഡയറക്ടർമാർ ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന സംസ്ഥാന സ്പോർട്സ് കൗൺസിലിനു നൽകേണ്ടതും സംസ്ഥാന സ്പോർട്സ് കൗൺസിൽ അത് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി ക്രോഡീകരിച്ച് സർക്കാരിന് നൽകാനുമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. അതനുസരിച്ച് നടപടികൾ ധൃതഗതിയിൽ പുരോഗമിക്കുന്നു.

(ബി)

ഏതെല്ലാം പഞ്ചായത്തുകളിൽ സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി)

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി)

ഈ സർക്കാർ അധികാരമേറ്റശേഷം വലിയ മുതൽ മുടക്കുള്ള ഏതെല്ലാം പദ്ധതികൾക്ക് സ്പോർട്ട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്; ഇവയ്ക്കുള്ള ഫണ്ട് എങ്ങനെയാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ;

(സി)

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ താഴെ പറയുന്ന പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്.

1. ഇൻഡോർ സ്റ്റേഡിയം - കാസർഗോഡ്.
2. സർക്കസ് അക്കാഡമി - കണ്ണൂർ.
3. കോഴിക്കോട് നാദാപുരം ഇൻഡോർ സ്റ്റേഡിയം.
4. കോഴിക്കോട് സ്വിമ്മിംഗ്പൂൾ നിർമ്മാണം പൂർത്തിയാക്കൽ.

5. വയനാട് ജിനചന്ദ്ര സ്റ്റേഡിയം.

6. വയനാട് കടമാൻചിറ നവീകരണം.

7. മലപ്പുറം സ്പോർട്സ് കോംപ്ലക്സ്/ഫുട്ബോൾ അക്കാഡമി.

8. മലപ്പുറം കോട്ടപ്പടി മൈതാനം പുതുക്കിപ്പണി.

9. മലപ്പുറം ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയം പുതുക്കിപ്പണി.

10. പാലക്കാട് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം.

11. തൃശൂർ ഇൻഡോർ സ്റ്റേഡിയം നവീകരണം.

12. തൃശൂർ സ്വിമ്മിംഗ്പൂൾ നിർമ്മാണം പൂർത്തിയാക്കൽ.

13. തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയം നവീകരണം.

14. എറണാകുളം മഹാരാജാസ് കോളേജ് സിന്തറ്റിക് ട്രാക്ക് നിർമ്മാണവും പവലിയൻ നവീകരണവും.

15. എറണാകുളം സ്വിമ്മിംഗ്പൂൾ നിർമ്മാണം.

16. ആലപ്പുഴ സ്റ്റേഡിയം നിർമ്മാണം.

17. പത്തനംതിട്ട സ്റ്റേഡിയം നിർമ്മാണം.

18. കോട്ടയം ഇൻഡോർ സ്റ്റേഡിയം നിർമ്മാണം.

19. കോട്ടയം ജംപ്സ് അക്കാഡമിയ്ക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ.

20. ഇടുക്കി ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ ഒന്നാം ഘട്ടം പൂർത്തിയാക്കൽ.

21. ഇടുക്കി ഇടവെട്ടിച്ചിറ നവീകരണം.

22. റൈഫിൾ അസോസിയേഷന് ഷൂട്ടിംഗ് ഉപകരണങ്ങൾ വാങ്ങി നൽകൽ.

23. തിരുവന്തപുരം പിരപ്പൻകോട് സ്വിമ്മിംഗ്പൂൾ നിർമ്മാണം.

24. തിരുവനന്തപുരം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം നിർമ്മാണം.

ഇവയ്ക്കുള്ള ഫണ്ട് കൗൺസിലിന് സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റിൽ നിന്നും, എം.എൽ.എ, എം.പി. ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം എന്നിവയിൽ നിന്നും കണ്ടെത്തുന്നു.

(ഡി)

സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി ഈ സർക്കാർ എത്ര കോടി രൂപ അനുവദിച്ചു എന്ന് വിശദമാക്കുമോ ?

(ഡി)

ഈ സർക്കാർ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി (നീന്തൽക്കുളങ്ങൾ ഉൾപ്പടെ) സ്പോർട്സ് കൗൺസിൽ മുഖേന 15,59,60,689/- രൂപയും കായിക യുവജന കാര്യ വകുപ്പു മുഖേന 8 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 363 | 18.03.2010—ൽ മറുപടിക്ക്

## കുടിവെള്ളത്തിൻെറ ഗുണനിലവാരമില്ലായ്മ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. തോമസ് ചാഴിക്കാടൻ<br>,, റോഷി അഗസ്റ്റിൻ<br>,, ജോസഫ് എം. പുതുശ്ശേരി | | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ കുടിവെള്ളത്തിൻെറ ഗുണനിലവാരമില്ലായ്മയെ സംബന്ധിച്ച് സർക്കാരിന് ബോധ്യമുണ്ടോ; | (എ) | കേരള വാട്ടർ അതോറിറ്റി വഴി വിതരണം ചെയ്യുന്ന കുടിവെള്ളം കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തിയാണ് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. |
| (ബി) ഇത് സംബന്ധിച്ച് ഗവൺമെൻേറാ ഗവൺമെൻറിതര ഏജൻസികളോ, പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിൻെറ ഉള്ളടക്കം വെളിപ്പെടുത്തുമോ; ആയതിൻെറ വെളിച്ചത്തിൽ സർക്കാർ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ്; | (ബി) | കേരള വാട്ടർ അതോറിറ്റി വഴി ശുദ്ധീകരിച്ചു വിതരണം ചെയ്യുന്ന കുടിവെള്ളത്തിൻെറ ഗുണനിലവാരം ഉൽപ്പാദനത്തിൻേറയും വിതരണത്തിൻേറയും വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്.<br>Quality affected habitation കണ്ടെത്താൻ കേരള വാട്ടർ അതോറിറ്റി പഠനം നടത്തിയിട്ടുണ്ട്.. സംസ്ഥാനത്തെ 1879 വാർഡുകളിലെ കുടിവെള്ളത്തിന് ഗുണനിലവാര പ്രശ്നങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ ശുദ്ധജലം വിതരണം |

നടത്താനുള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നു. സി .സി.ഡി. യു—വും മലയാള മനോരമയും സംയുക്തമായി സംഘടിപ്പിച്ച ' ജലതരംഗം ' പദ്ധതി 14 ജില്ലകളിലെ 184 സ്കൂളുകളിലൂടെ 7500—ഓളം കിണറുകളിലെ ജല ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ട്. പ്രാദേശികമായ പ്രത്യേകതകൾ ഉള്ള ഗുണനിലവാര പ്രശ്നങ്ങളാണ് പഠനത്തിൽ വെളിപ്പെട്ടിട്ടുള്ളത്.

കേരളത്തിലെ ജല സ്രോതസ്സുകളുടെ ഗുണനിലവാരത്തെ കുറിച്ച് പല പഠനങ്ങളും സി. ഡബ്ല്യൂ. ആർ. ഡി. എം വഴി നടത്തിവരുന്നു. സംസ്ഥാനത്തെ മുഴുവൻ ജല സ്രോതസ്സുകളെയും ജലാശയങ്ങളേയും ജല സഞ്ചയങ്ങളേയും സംരക്ഷിക്കുന്ന തിനും പരിപോഷിപ്പി ക്കുന്നതിനുമായി ജന പങ്കാളിത്തത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ 'ജലസുരക്ഷ' എന്ന പേരിൽ ഒരു പദ്ധതി അാവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

| | | | |
|---|---|---|---|
| (സി) | വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറുകൾ മിക്കതും കാലഹരണപ്പെട്ട താണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | ഉണ്ട്. അടിയന്തിരമായി പുനരുദ്ധീകരിക്കേണ്ട ശുദ്ധീകരണശാലയുടെ പട്ടിക തയ്യാറാക്കി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കാലഹരണപ്പെട്ട ട്രീറ്റ്മെൻ പ്ലാൻറുകൾ സംബന്ധിച്ച |

| | | |
|---|---|---|
| | | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | നടപ്പു സാമ്പത്തിക വർഷം ഇത്തരം പ്ലാൻറുകളുടെ പുനരുദ്ധാരണ ജോലികൾക്ക് എത്ര തുക വകയിരുത്തിയെന്നും, എത്ര തുക പ്രയോജനപ്പെടുത്തിയെന്നും വ്യക്തമാക്കുമോ? | (ഡി) നടപ്പു സാമ്പത്തിക വർഷം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 10 കോടി രൂപ ജല ശുദ്ധീകരണശാലകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം 43 ജല ശുദ്ധീകരണശാലകളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആയതിലേക്കായി ഇതുവരെ 29.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 364 * 18.03.2010-ൽ മറുപടിക്ക്

## സ്പാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) നബാർഡിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന സ്പാൻ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ ;

(എ) നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന 36 സ്പാൻ പദ്ധതികളിൽ കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു. മറ്റു പദ്ധതികളുടെ പണികൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ഇവയിൽ ചീക്കോടും സമീപ വില്ലേജുകളും (മലപ്പുറം ജില്ല) കുന്നത്തുകാൽ (തിരുവനന്തപുരം) എന്നിവ ഒഴികെയുള്ള പദ്ധതികൾ 2010 മെയ്മാസം മുതൽ 2011 മാർച്ച് വരെയുള്ള കാലയളവിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മേൽ സൂചിപ്പിച്ച രണ്ടു പദ്ധതികൾ 2011-2012 കാലയളവിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതികൾക്കായി 2010 ഫെബ്രുവരി മാസം വരെ 182.57 കോടി രൂപ ചെലവായി.

(ബി) പദ്ധതിയിൽ ഉൾപ്പെടുന്ന ഗ്രാമീണ ശുദ്ധജല പദ്ധതികൾ ഏതെല്ലാം ആണ്; ഇതിനകം ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്;

(ബി) സ്പാൻ പദ്ധതികളെല്ലാം തന്നെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളാണ്. ഗ്രാമീണ പദ്ധതികൾക്കാണ് നബാർഡ് ധനസഹായം നൽകുന്നത്.

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു.

(സി) പദ്ധതി പൂർത്തിയാക്കുന്നതിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(സി) സ്പാനിൽ ഉൾപ്പെടുത്തിയ 36 പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഏകദേശം 700 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു; പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

(ഡി) പദ്ധതി പൂർത്തിയാകുമ്പോൾ ഏകദേശം 27 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്.

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഫാസ്റ്റ്ട്രാക്ക് സംവിധാനത്തിലാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ ടെണ്ടർ വേഗം തീർപ്പു കൽപ്പിക്കുന്നതിനായി സർക്കാർ തലത്തിലും ഹെഡ് ഓഫീസ് തലത്തിലും മേഖലാതലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് ടെണ്ടറുകൾ സമയബന്ധിതമായി തീർപ്പാക്കി വരുന്നു. പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് നിശ്ചിത കാലയളവുകളിൽ സർക്കാർ തലത്തിലും അതോറിറ്റി തലത്തിലും മീറ്റിങ്ങുകൾ കൂടുകയും പദ്ധതി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പുരോഗതി ഉറപ്പു വരുത്തുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 365 | 18.03.2010-ൽ മറുപടിക്ക്

## മൈനിംഗ് & ജിയോളജി വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ദിവാകരൻ എം.എൽ.എ<br>ശ്രീ. എ. പ്രദീപ് കുമാർ എം.എൽ.എ<br>ശ്രീ. വി. ശശികുമാർ എം.എൽ.എ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് എംഎൽഎ<br>ശ്രീ. ടി. പി. കുഞ്ഞുണ്ണി എം.എൽ.എ | ശ്രീ.എളമരം കരീം<br>ബഹു.വ്യവസായ വകുപ്പ് മന്ത്രി |

എ) മൈനിംഗ് & ജിയോളജി വകുപ്പ് കാര്യക്ഷമവും അഴിമതി വിമുക്തവുമാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ;

ബി) ഖനിജങ്ങൾ, ഖനനം ചെയ്യുന്നതിന് അനുമതി നൽകുന്നതിനുളള നടപടികൾ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എ) & (ബി) മൈനിംഗ് & ജിയോളജി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പ് നടപ്പിലാക്കിവരുന്ന 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ കാലോചിതമായി കൂടുതൽ എളുപ്പവും സുതാര്യവുമാക്കുവാൻ പ്രസ്തുത ചട്ടങ്ങളിൽ വേണ്ടതായ ഭേദഗതി വരുത്തിയിട്ടുണ്ട്. 2008 ജനുവരി 2-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 2/2008/വ്യവ ഉത്തരവ് പ്രകാരം 12.3.2008-ലെ നമ്പർ 509 വാല്യം 53 അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം എസ്.ആർ.ഒ.270/2008 നമ്പർ നോട്ടിഫിക്കേഷൻ അനുസരിച്ച് ഗ്രാനൈറ്റ്, ലാറ്ററൈറ്റ് ബിൽഡിംഗ് സ്റ്റോണിനുള്ള ഖനനാനുമതി സ്ഥലപരിധി നിശ്ചയിച്ചുകൊണ്ട് റോയൽറ്റി കണക്കാക്കി നൽകുന്നതിനുളള ഭേദഗതി വരുത്തിയിട്ടുണ്ട്.

ഇതിന്മേൽ കൂടുതൽ സുതാര്യത വരുത്തുന്നതിനു പ്രസ്തുത നിയമത്തിൽ തുടർ ഭേദഗതികൾ വരുത്തുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു. അതുപോലെ ധാതുഖനനം, ശേഖരണം, വിപണനം എന്നീ കാര്യങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി 1957-ലെ മൈൻസ് & മിനറൽസ് (ഡവലപ്പ്മെന്റ് & റെഗുലേഷൻ) ആക്ടിലെ സെക്ഷൻ 23 സി പ്രകാരം ദി കേരള സ്റ്റേറ്റ് മിനറൽ (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോക്കിംഗ് & ട്രാൻസ്പോർട്ടേഷൻ) റൂൾസ് എന്ന പേരിൽ നിയമനിർമ്മാണം നടത്തുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ, വകുപ്പിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിലേയ്ക്കായി ഇ-ഗവർണൻസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സി) അനധികൃത ഖനനം, കടത്ത് എന്നിവ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ;

(സി) അനധികൃത ഖനനം, കടത്ത് എന്നിവയ്ക്കെതിരെ 1957-ലെ മൈൻസ് & മിനറൽസ് (ഡവലപ്പ്മെന്റ് & റെഗുലേഷൻ) ആക്ടും അനുബന്ധ ചട്ടങ്ങളും പ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഡി)പാറമടകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) പാറമടകളുടെ സുരക്ഷിതത്വം, പരിസ്ഥിതി, മാനുഫാക്ചേർഡ് സാൻഡിന്റെ ഉൽപാദനം, സർക്കാർ ഖജനാവിലേയ്ക്ക് ഖനിജമേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങളെക്കുറിച്ച്

പഠിക്കുന്നതിനായി 22.01.2008-ൽ ജി.ഒ.(എം.എസ്) 12/08/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഒമ്പതംഗ സമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത സമിതി മേൽ പ്രസ്താവിച്ച വിഷയങ്ങളിൽ പഠനം നടത്തി നിർദ്ദേശങ്ങളടങ്ങുന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റി എന്ന സ്ഥാപനവും ഖനികളുടെ സുരക്ഷിതത്വം കാലാകാലങ്ങളിൽ പരിശോധന നടത്തി ഉറപ്പു വരുത്താറുണ്ട്.

| | | |
|---|---|---|
| ഇ) പാറമടകളിൽ ഉപയോഗിക്കുന്ന എക്സ്പ്ലോസീവ് ദുരുപയോഗം ചെയ്യുന്നതു തടയാൻ വകുപ്പ് നടപടി സ്വീകരിക്കുമോ? | (ഇ) | പാറമടകളിലെ സ്ഫോടക വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നത് ഈ വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. കേന്ദ്ര ഏജൻസിയായ പെട്രോളിയം, എക്സ്പ്ലോ-സീവ്സ് & സേഫ്റ്റി ഓർഗനൈസേഷനും, കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റിയും സംസ്ഥാന റവന്യൂ, പോലീസ് എന്നീ വകുപ്പുകളുമാണ് പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാംസമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 366 | 18/03/2010-ൽ മറുപടിയ്ക്ക് |
|---|---|

## പൊതുമേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. അബ്ദുറബ്ബ് :<br>ശ്രീ. സി.ടി. അഹമ്മദ് അലി : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര; എവിടെയെല്ലാം;

(എ) തല്ക്കാലം ഉദ്ദേശിക്കുന്നില്ല

(ബി) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പുതുതായി മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് അനുവാദം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; എന്തെല്ലാം വ്യവസ്ഥകളിലാണ് സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജ് തുടങ്ങാൻ അനുവദിക്കുന്നത് ;

(ബി) &(സി)

സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പുതുതായി മെഡിക്കൽ കോളേജുകൾ തുടങ്ങുവാനുള്ള അനുവാദം നല്ലണമോ വേണ്ടയോയെന്നുള്ളത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. കേരളത്തിൽ ആരോഗ്യ വിദ്യാഭ്യാസമേഖലയിൽ പുതിയ സ്ഥാപനങ്ങൾ ആവശ്യമുണ്ടോയെന്ന് പരിശോധിച്ച ശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളൂ. സ്വാശ്രയ മേഖലയിൽ തുടങ്ങുന്ന സ്വാശ്രയ കോളേജുകളുടെ വ്യവസ്ഥകൾ നിശ്ചയിക്കുന്നത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയാണ്.

(ഡി) വിദ്യാർത്ഥികളുടെ അഡ്മിഷനിലെ സംവരണം, ഫീസ് എന്നിവയിൽ സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് പ്രവർത്തനം അവസാനിപ്പിക്കേണ്ടി വരുമെന്ന നിബന്ധന ഉണ്ടാക്കുമോ ?

(ഡി) വിദ്യാർത്ഥികളുടെ അഡ്മിഷനിലെ സംവരണം, ഫീസ് എന്നിവയിൽ സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾ കേരളത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയസ്ഥാപനങ്ങൾ പാലിക്കേണ്ടതാണ്. അല്ലാതെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 367 18.03.2010- ലെ മറുപടിക്ക്

## വിഴിഞ്ഞം പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ്

**ചോദ്യം**
ശ്രീ. എൻ.ശക്തൻ:
ശ്രീ.എ.പി.അനിൽകുമാർ
ശ്രീ.എം.എ. വാഹിദ്

**മറുപടി**
ശ്രീ.എം. വിജയകുമാർ
(നിയമവും പാർലമെൻററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി സ്ഥലമെടുക്കുന്നതു സംബന്ധിച്ച് രൂപം കൊടുത്ത പാക്കേജിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ് എന്നു വ്യക്തമാക്കുമോ; | (എ) | പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നത് ഫാസ്റ്റ് ട്രാക്ക് പദ്ധതിയിലാണ്. പാക്കേജിന്റെ വ്യവസ്ഥകൾ തീരുമാനിച്ചിട്ടില്ല. |
| (ബി) | വിഴിഞ്ഞം തുറമുഖത്തിനു വേണ്ടിയുള്ള സ്ഥലമെടുപ്പ് എത്ര കാലത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് അറിയിക്കുമോ; | (ബി) | ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. M/s. RITES, Rail Connectivity ക്കായി നടത്തിയ സാദ്ധ്യതാ പഠന റിപ്പോർട്ടിന് റെയിൽവേ അധികാരികളുടെ അംഗീകാരം ലഭ്യമായ ശേഷം മാത്രമേ റെയിൽ കണക്ടിവിറ്റി കണ്ടെയ്നർ യാർഡ് എന്നിവയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുകയുള്ളു. |
| (സി) | പ്രസ്തുത പദ്ധതിക്ക് സ്ഥലം എടുക്കുന്നതു മൂലം ഭൂമി നഷ്ടപ്പെടുന്ന ഓരോ കുടുംബത്തിൽ നിന്നും ഒരാൾക്കെങ്കിലും പ്രസ്തുത തുറമുഖത്ത് തൊഴിൽ നൽകുന്നതിനു നടപടി സ്വീകരിക്കുമോ? | (സി) | സ്വകാര്യ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്നതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് ഇപ്പോൾ ഒരു തീരുമാനമെടുക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 368 : 18/03/2010-ൽ മറുപടിക്ക്

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വ്യവസായം തുടങ്ങാൻ സഹായം

ചോദ്യം | ഉത്തരം

ശ്രീ. ടി. വി. കുഞ്ഞുണ്ണി
ശ്രീ. ബി. രാഘവൻ
ശ്രീ. ബാബു. എം. പാലിശ്ശേരി
ശ്രീ. ബി. ഡി. ദേവസ്സി
ശ്രീ. കെ. സി. കുഞ്ഞിരാമൻ

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരം വ്യവസായം തുടങ്ങുന്നതിന് തൊഴിൽരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്; | (എ) | പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം വ്യവസായം തുടങ്ങുന്നതിന് തൊഴിൽരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രോജക്ട് തുകയുടെ 35% ഗ്രാമപ്രദേശങ്ങളിലും 25 % നഗരപ്രദേശങ്ങളിലും സബ്സിഡിയായി ലഭിക്കും. സംരംഭകന്റെ വിഹിതം 5% മതിയാവും. ഇതു കൂടാതെ സൗജന്യ സംരംഭകത്വ പരിശീലനം, കാലാകാലങ്ങളിൽ വിപണന മേളകളിൽ പങ്കെടുക്കാനവസരം എന്നിവ നൽകി വരുന്നു. |

<table>
<tr>
<td>(ബി)</td>
<td>കഴിഞ്ഞ വർഷം ഇപ്രകാരമുള്ള പദ്ധതികളുടെ ആനുകൂല്യം എത്ര പേർക്ക് ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;</td>
<td>(ബി)</td>
<td>
<table>
<tr><th></th><th>No.</th><th>Margin Money (in lakhs)</th></tr>
<tr><td>Khadi & Village Industries Commission</td><td>107</td><td>193.47</td></tr>
<tr><td>Khadi & Village Industries Board</td><td>101</td><td>231.53</td></tr>
<tr><td>District Industries Centre</td><td>158</td><td>263.80</td></tr>
<tr><td>Total</td><td>366</td><td>688.80</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>കൂടുതൽ പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് ഖാദി ഗ്രാമ വ്യവസായ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;</td>
<td>(സി)</td>
<td>എല്ലാ ജില്ലകളിലും ബോധവത്കരണ ശില്പശാല സംഘടിപ്പിച്ചു.<br>സംസ്ഥാനതല വർക്ക് ഷോപ്പ് നടത്തി.</td>
</tr>
<tr>
<td>(ഡി)</td>
<td>തൊഴിൽ സംരംഭകർക്ക് പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?</td>
<td>(ഡി)</td>
<td>ഓരോ ജില്ലകളിലും ഖാദി കമ്മീഷൻ അംഗീകരിച്ച സംരംഭകത്വ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.369 | 18.03.2010 -ൽ മറുപടിയ്ക്ക് |
|---|---|

**വികലാംഗർക്കായി സംവരണം ചെയ്ത തസ്തികയിൽ നിയമനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: | | ശ്രീമതി .പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | വികലാംഗർക്കായി സംവരണം ചെയ്ത 3% തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് വേണ്ടി പി.എസ്.സി. യെ ഏല്പിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2004 മുതൽ 2007 വരെ വികലാംഗർക്കായി സംവരണം ചെയ്ത തസ്തികകളിൽ ബാക്ക് ലോഗായിട്ടുള്ളത് നികത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി)<br>&<br>(സി) | 2004 മുതൽ 2007 വരെയുള്ള വികലാംഗർക്കുള്ള ബാക്ക്ലോഗ് ഒഴിവുകളിലേക്കുള്ള നിയമനം സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി ബാക്ക്ലോഗ് തസ്തികകളുടെ എണ്ണം തിട്ടപ്പെടുത്താനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | എങ്കിൽ പ്രസ്തുത നിയമനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | | |
| (ഡി) | വികലാംഗർക്ക് സംവരണം ചെയ്തതിൽ കാഴ്ച വൈകല്യമുള്ളവർക്ക് നീക്കിവച്ചത് അവർക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. അനുയോജ്യമായ തസ്തികകളുടെ റാങ്ക് ലിസ്റ്റിൽ നിന്നും പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുമ്പോൾ ഓരോ നൂറ് ഒഴിവുകളിലേയും 33 -ാം ക്രമ നമ്പർ കാഴ്ച വൈകല്യമുള്ളവർക്കായി നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

Mary Mclean Zelta

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 370 — 18-03-2010-ൽ മറുപടിയ്ക്ക്

സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അൽഫോൺസ് കണ്ണന്താനം:<br>ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.എം.എം.മോനായി:<br>ശ്രീ.മുരളി പെരുനെല്ലി: | | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ടെക്നിക്കൽ കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. ക്ലസ്റ്റർ തല പരിശീലന പരിപാടിയിലൂടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും കായികാദ്ധ്യാപകർക്കും, കായികാദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്കും പരിശീലനം നൽകി വരുന്നു.<br><br>വിദ്യാഭ്യാസ വകുപ്പും കായിക വകുപ്പും കൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) നടപ്പു വർഷം എത്ര വിദ്യാർത്ഥികളിൽ കായികക്ഷമതാ പരിശോധന നടത്തി; പരിശോധനയുടെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | നടപ്പു വർഷം 6,110 ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലായി 23,34,761 വിദ്യാർത്ഥികൾ ഒന്നാം ഘട്ട കായികക്ഷമതാ പരിശോധനയിൽ പങ്കെടുത്തു. പരിശോധനയുടെ ഫലം പ്രസിദ്ധപ്പെടുത്തിയിട്ടില്ല. |

(സി) പ്രസ്തുത പദ്ധതിയുടെ തുടർ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കായികക്ഷമതാ പരിശോധനയിൽ മിനിമം ഫിറ്റ്നസ് നേടാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് അവരുടെ കായികക്ഷമത ഉയർത്തുന്നതിനായി കായിക വിദ്യാഭ്യാസ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതാണ്.

(ഡി) വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഉണ്ട്. സംസ്ഥാനത്ത് ലഭ്യമായ ജലസ്രോതസ്സുകൾ ഉപയോഗിച്ച് സംസ്ഥാന/ജില്ലാ അക്വാട്ടിക് അസോസിയേഷനുകളുടെ സേവനം ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം നൽകുന്ന പദ്ധതി സംസ്ഥാന സ്പോർട്സ് കൗൺസിൽ തയ്യാറാക്കി വരുന്നു.

(ഇ) കായികക്ഷമതാ പദ്ധതി മുതിർന്നവർക്ക് കൂടി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

(ഇ) മുതിർന്നവർക്ക് കായികക്ഷമതാ പദ്ധതി നടപ്പിലാക്കുന്നതിനായി 2009-2010 സാമ്പത്തിക വർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള പദ്ധതി കായിക യുവജനകാര്യ ഡയറക്ടറേറ്റ് തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. : 371

18.03.2010 - ൽ മറുപടിയ്ക്ക്

ഭൂഗർഭ ജല ഉപയോഗത്തിന് പബ്ലിക് - പ്രൈവറ്റ് പാർട്ണർഷിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.രാജൻ<br>" പള്ളിപ്രം ബാലൻ<br>" കെ.രാജു<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ.രാജാജി മാത്യു തോമസ് | | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഭൂഗർഭ ജല ഉപയോഗത്തിന് പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ് സംവിധാനം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ ; | (എ) | ഭൂജല ഉപയോഗത്തിന് പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ് സംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച ആലോചന ഇപ്പോഴില്ല. തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ കേരള സാമൂഹ്യ ജലസേചന പദ്ധതിയും ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയും ജനപങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. |
| (ബി) | ഇത് സംബന്ധിച്ച് കേന്ദ്ര ഭൂഗർഭ ജല വിനിയോഗ ബോർഡിന്റെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ബി) | ഇത് സംബന്ധിച്ച് കേന്ദ്ര ഭൂഗർഭ ജല വിനിയോഗ ബോർഡിന്റെ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

*

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 372 — 18.03.2010-ൽ മറുപടിക്ക്

## പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.യൂസഫ്<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ.ആർ. സെൽവരാജ്<br>ശ്രീ. വി.എൻ. വാസവൻ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) നിരന്തരമായി പൈപ്പ് ലൈൻ പൊട്ടുന്നതു മൂലം ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ ജലം ലഭ്യമാക്കാൻ സാധിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതികളുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് എത്ര കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എ) & (ബി) ഉണ്ട്. നിരന്തരമായി പൈപ്പ്ലൈൻ പൊട്ടുന്നതു മൂലം ജനങ്ങൾക്ക് പ്രയോജന പ്രദമായ രീതിയിൽ ജലം ലഭ്യമാക്കാൻ സാധിക്കാത്ത പ്രധാന പദ്ധതികളായ കാസർഗോഡ് മുൻസിപ്പാലിറ്റിക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി (2.88 കോടി രൂപ) വടകര നഗര ശുദ്ധജല വിതരണ പദ്ധതി ( 10 കോടി രൂപ), വടകര യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതി (20.91 കോടി രൂപ), കണ്ണൂർ ശുദ്ധജല വിതരണ പദ്ധതി(67കോടിരൂപ), മഞ്ചേരി നഗര ശുദ്ധജല വിതരണ പദ്ധതി (14.50 കോടി രൂപ) , കോഴിക്കോട് ശുദ്ധജല വിതരണപദ്ധതി ( 25 കോടി രൂപ), തലശ്ശേരി ശുദ്ധജല വിതരണ പദ്ധതി (49.50 കോടി രൂപ) , തലശ്ശേരി സുനാമി ശുദ്ധജല വിതരണ പദ്ധതി (10.50 കോടി രൂപ), കൊളച്ചേരി ശുദ്ധജല വിതരണ പദ്ധതി ഘട്ടം-1 (9.7 കോടി രൂപ) ഘട്ടം-2 (7.02 കോടി രൂപ), വൈക്കം മുൻസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി-പിറവത്തു

നിന്നും വൈക്കത്തേക്കുള്ള പ്രധാന പൈപ്പ് ലൈൻ (10.96 കോടി രൂപ), കുണ്ടറ ശുദ്ധജല വിതരണ പദ്ധതി (12.66 കോടി രൂപ) എന്നീ പദ്ധതികൾക്കായി 240.63 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗര ജലവിതരണ വിപുലീകരണ പദ്ധതിയുടെ ഭാഗമായി അരുവിക്കര നിന്നും പേരൂർക്കട വരെയുള്ള 1200 എം.എം. പി.എസ്.സി പൈപ്പ്ലൈനിൽ കരകുളത്തിനും വഴയില-യ്ക്കും ഇടയിലുള്ള ഏറ്റവും പ്രശ്നമുള്ള 1 കിലോമീറ്റർ ദൂരം ജിക്ക (JICA) പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഈ വർഷം ഇതുവരെ എത്ര കോടി രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്;

(സി) മേൽപ്പറഞ്ഞ പദ്ധതികളിൽ മാന്ദ്യ വിരുദ്ധ പാക്കേജിൽ അംഗീകാരം നൽകിയ ആറു പദ്ധതികൾക്കും യു.ഐ.ഡി.എസ്സ്.എസ്സ്.-എം.ടി പദ്ധതിയായ വടകര പദ്ധതിക്കും ഈ വർഷം ഇതുവരെ തുകയൊന്നും ചെലവായിട്ടില്ല.

സുനാമി അടിയന്തിര സഹായ പദ്ധതിക്കു കീഴിലുള്ള തലശ്ശേരി ശുദ്ധജല വിതരണ പദ്ധതിക്ക് ഈ വർഷം 3.30 കോടി രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

സ്പാൻ പദ്ധതികളായ കൊളച്ചേരി ഘട്ടം-1 ഉം 2 ഉം, കുണ്ടറ, വൈക്കം എന്നീ പദ്ധതികൾക്കായി ഇതുവരെ ചെലവഴിച്ച 20.61 കോടി രൂപ ഉൾപ്പെടെ ആകെ 23.91 കോടി രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) പുതുതായി വാങ്ങുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാ-ക്കുമോ ;

(ഡി) ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി തേർഡ് പാർട്ടി പരിശോധന ഏജൻസികളെ നിയോഗിച്ചിട്ടുണ്ട്. ഉല്പാദന ഘട്ടങ്ങളിലും നിർമ്മാണം പൂർത്തിയായ ശേഷവും

പ്രസ്തുത ഏജൻസികൾ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് നിർദ്ദേശിച്ച പ്രകാരമുള്ള ടെസ്റ്റുകൾ നടത്തി ഗുണനിലവാരം നിർണ്ണയിച്ച് അംഗീകരിച്ചതിനു ശേഷമാണ് പൈപ്പുകൾ സ്വീകരിക്കുന്നത്.

(ഇ) ചവറയിൽ പൈപ്പ് ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

(ഇ) ഫാക്ടറി സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സ്ഥലം കേരള വാട്ടർ അതോറിറ്റിക്കു കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫാക്ടറി സ്ഥാപിക്കുന്നതിനായി താല്പര്യ പത്രം ക്ഷണിക്കുകയും 3 കമ്പനികളെ ടെണ്ടർ നൽകുവാനായി ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ദർഘാസ് ക്ഷണിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഏകദേശം 6 മാസത്തിനകം കരാർ ഉറപ്പിക്കുവാനും കരാർ ഉറപ്പിച്ച ശേഷം 12 മാസത്തിനകം ഉല്പാദനം തുടങ്ങുവാനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ. 373**

**18.03.2010 ൽ മറുപടിയ്ക്ക്**

## ബാംബൂ കോർപ്പറേഷൻ പദ്ധതികൾ

**ചോദ്യം**

**ശ്രീ. സാജു പോൾ എം.എൽ.എ.**
**" കെ.കെ. ജയചന്ദ്രൻ "**
**" കെ.സി. കുഞ്ഞിരാമൻ "**
**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ "**
**" കെ.എസ്. സലീഖ "**

**ഉത്തരം**

**ശ്രീ. എളമരം കരീം**
**(ബഹു. വ്യവസായ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈറ്റ-മുള വ്യവസായ അഭിവൃദ്ധിക്കായി ബാംബൂ കോർപ്പറേഷൻ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; | (എ) | നെയ്ത്തു മേഖലയിൽ, ബാംബൂ കോർപ്പറേഷൻ യന്ത്രവൽക്കരണം നടപ്പിലാക്കി. തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിനും, അതുവഴി ഉല്പാദനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരവധി കമ്യൂണിറ്റി യന്ത്രവൽകൃത മാറ്റ് വീവിങ് സെന്ററുകൾ നന്നായി പ്രവർത്തിക്കുന്നു. മുള ഉപയോഗിച്ച് ഫ്ലാറ്റൻഡ് ബാംബൂ ബോർഡ് നിർമ്മാണവും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ബാംബൂ മേഖലയിൽ പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു തുടങ്ങി യിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | (ബി) | ബാംബൂ മേഖലയിൽ ഫ്ലാറ്റൻഡ് ബാംബൂ ബോർഡ് എന്ന പുതിയ ഉല്പന്നം നിർമ്മിച്ചു വരുന്നുണ്ട്. |
| (സി) | ബാംബൂ ഫ്ലോറിംഗ് ടൈൽ നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്; | (സി) | നല്ലളത്ത് ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം നടക്കുന്നു. ജൂൺ മാസത്തിൽ ഫ്ലോറിങ് ടൈൽസ് നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ബാംബൂ പ്രോസസിംഗ് യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ഡി) | പാലക്കാട് തേങ്കുറിശ്ശിയിലും, കാടാമ്പുഴയിലും, മാനന്തവാടിയിൽ വള്ളിയൂർക്കാവിലും മുള പ്രോസസിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. നാദാപുരത്തും മുള പ്രോസസിംഗ് യൂണിറ്റ് പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഈ പ്രോസസിംഗ് യൂണിറ്റിലേയ്ക്കാവശ്യമായ മുളകൾ ശേഖരിക്കുന്നതിന്, നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷനെയും, വയനാട് നോർത്ത് ഫോറസ്റ്റ് ഡിവിഷനെയും അനുവദിച്ചിട്ടുണ്ട്. ഫ്ലാറ്റൻഡ് ബാംബൂ ബോർഡ് നിർമ്മാണത്തിനുള്ള ബാംബൂ സ്ട്രിപ്പിന്റെ മാറ്റുകൾ ഇവിടെയുണ്ടാക്കുന്നു. |
| (ഇ) | പരമ്പരാഗത ഈറ്റ-മുള തൊഴിലാളികളുടെ ക്ഷേമത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ? | (ഇ) | ബാംബൂ കോർപ്പറേഷനിലെ ഈറ്റ വെട്ട് തൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ട് സ്കീം നടപ്പിലാക്കി. ഈറ്റ വെട്ടു തൊഴിലാളികൾക്കും, പനമ്പു നെയ്ത്തു തൊഴിലാളികൾക്കും പെൻഷൻ പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈറ്റ വെട്ടു തൊഴിലാളികൾക്കും, നെയ്ത്തു തൊഴിലാളികൾക്കും രണ്ടു പ്രാവശ്യം കൂലി വർദ്ധിപ്പിച്ചു. ബാംബൂ കോർപ്പറേഷൻ ഈ വിഭാഗം തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷയും, വിവിധ ക്ഷേമപദ്ധതി ആനുകൂല്യങ്ങളും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 374 18.03.2010- ലെ മറുപടിക്ക്

കേരള മാരിടൈം ഡെവലപ്മെൻറ് കോർപ്പറേഷൻെറ പ്രവർത്തനങ്ങൾ

**ചോദ്യം** **മറുപടി**

ശ്രീ. സി.കെ.സദാശിവൻ:
ശ്രീ.എ.എം.ആരിഫ്:
ശ്രീ.സി.എച്ച്.കുഞ്ഞമ്പു:
ശ്രീ.പി.വിശ്വൻ :
ശ്രീആർ.സെൽവരാജ്:

ശ്രീ.എം. വിജയകുമാർ
(നിയമവും പാർലമെൻററികാര്യവും
സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള മാരിടൈം ഡെവലപ്മെൻറ് കോർപ്പറേഷൻെറ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള ചെറുകിട തുറമുഖങ്ങളുടെയും മത്സ്യബന്ധന തുറമുഖങ്ങളുടെയും ആഴം കൂട്ടുന്ന പ്രവൃത്തികളും, തടാകങ്ങളുടെ പുനരുദ്ധാരണവും മറ്റുമാണ് പ്രധാനമായും കേരള മാരിടൈം ഡെവലപ്മെൻറ് കോർപ്പറേഷൻ ഏറ്റെടുത്തു നടത്തിവരുന്നത്. |
| (ബി) | മാരിടൈം ഡെവലപ്മെൻറ് ബോർഡിനു വേണ്ടി പുതിയ ഡ്രഡ്ജർ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | കേരള സംസ്ഥാന മാരിടൈം ഡെവലപ്മെൻറ് കോർപ്പറേഷന് ഡ്രഡ്ജറുകൾ വാങ്ങുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നിലവിലുണ്ട്. |
| (സി) | സംസ്ഥാനത്ത് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ; | (സി) | സംസ്ഥാനത്ത് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കുന്നതിനായി സർക്കാർ "കേരള മാരിടൈം സൊസൈറ്റി " എന്ന സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ മീഞ്ച പഞ്ചായത്തിലും കൊല്ലം ജില്ലയിൽ നീണ്ടകരയിലും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (ഡി) | തടാകങ്ങളിൽ നിന്നും കായലുകളിൽ നിന്നും മണൽ വാരുന്ന പ്രവൃത്തി മാരിടൈം ഡെവലപ്മെൻറ് ബോർഡിനെ ഏല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | പരിഗണനയിലാണ്. |
| (ഇ) | മണൽക്ഷാമം പരിഹരിക്കുന്നതിന് അഴിമുഖങ്ങളിലുള്ള മണൽ ഡ്രഡ്ജ് ചെയ്ത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | സംസ്ഥാനത്തെ മണൽക്ഷാമം പരിഹരിക്കുന്നതിന് അഴിമുഖങ്ങളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 375 — 18-3-2010 ൽ മറുപടിക്ക്

## ആരോഗ്യ കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ആരോഗ്യ കേരളം പദ്ധതി ആരംഭിച്ചതെന്നാണ് ; അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്താണ് ; | എ) ആരോഗ്യ കേരളം പദ്ധതി 2006 മുതലാണ് കേരളത്തിൽ നടപ്പാക്കി തുടങ്ങിയത്. അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. മാതൃ മരണ നിരക്ക് കുറയ്ക്കുക<br>2. ശിശുമരണ നിരക്ക് കുറയ്ക്കുക<br>3. എല്ലാ വിഭാഗം ജനവിഭാഗങ്ങൾക്കും ഉപയോഗപ്പെടുത്താൻ കഴിയുന്ന വിധം പൊതുജനാരോഗ്യസംവിധാനം ശക്തിപ്പെടുത്തുക.<br>4. സാർവ്വത്രികമായ പൊതുജനാരോഗ്യ സംവിധാനം ലഭ്യമാക്കുക<br>5. പകർച്ചവ്യാധികളുടെ നിയന്ത്രണം<br>6. ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണം.<br>7. ആയുർവേദം, യോഗ, യുനാനി, സിദ്ധ, ഹോമിയോ തുടങ്ങിയ വൈദ്യവിഭാഗങ്ങളെ ഉൾപ്പെടുത്തുക.<br>8. രോഗപ്രതിരോധ സംവിധാനം ശക്തിപ്പെടുത്തുക. |
| ബി) ആരോഗ്യ കേരളം പദ്ധതി പ്രകാരം ഏതെല്ലാം ഗ്രേഡിൽ എത്ര ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട് ; | ബി) വിശദവിവരം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട് ; | സി) 220 കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. |
| ഡി) ഇവരുടെ കർത്തവ്യങ്ങൾ എന്തെല്ലാമാണ് ; | ഡി) അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. |
| ഇ) ഇവർക്ക് വാഹനം കൊടുക്കാൻ ഉദ്ദേശ്യമുണ്ടോ ; | ഇ) ഉദ്ദേശമില്ല. |
| എഫ്) പ്രസ്തുത വാഹനങ്ങൾ എടുക്കുന്നത് വിലനൽകിയാണോ അതോ വാടകയ്ക്കാണോ ;<br><br>ജി) വാടകയ്ക്കാണെങ്കിൽ ഇതിനുവേണ്ടി പ്രതിമാസം എത്ര ചെലവുവരുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (എഫ്) ഉം (ജി) യും ബാധകമല്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 18.03.2010 - ൽ മറുപടിയ്ക്ക്

ചോദ്യം നം. : 376

## കടൽഭിത്തി നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ. കെ.വി.അബ്ദുൾഖാദർ<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.എം.കെ.പുരുഷോത്തമൻ | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) കടൽഭിത്തി നിർമ്മാണത്തിൽ ഈ സർക്കാർ വന്നശേഷം എന്തുമാത്രം പുരോഗതി കൈവരിച്ചു എന്ന് വ്യക്തമാക്കുമോ ;<br><br>ബി) പുതുതായി എത്ര കിലോമീറ്റർ ദൂരം കടൽഭിത്തി നിർമ്മിച്ചു എന്നു വെളിപ്പെടുത്തുമോ ; | എ) ബി) 2006-10 കാലഘട്ടത്തിലേയ്ക്കായി 12-ാം ധനകാര്യകമ്മീഷൻ അവാർഡുപ്രകാരം കടൽഭിത്തി നിർമ്മാണം, പുനരുദ്ധാരണം എന്നിവയ്ക്ക് അനുമതി നൽകി. ഇത് പ്രകാരം 8.014കി.മീ. കടൽഭിത്തി നിർമ്മാണവും, 32.11 കി.മീ.കടൽഭിത്തിയുടെ പുനരുദ്ധാരണവും, 11 പുലിമുട്ടുകളുടെ നിർമ്മാണവും പൂർത്തീകരിച്ചു. ഇതിനായി 100.32 കോടി രൂപ ചിലവായിട്ടുണ്ട്. 31.07.2007-ൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം 120 കോടി രൂപയ്ക്ക് കടൽഭിത്തി നിർമ്മാണം, പുനരുദ്ധാരണം എന്നിവയ്ക്ക് അനുമതി നൽകിയതിൽ 61.38കി.മീ. പുതിയ കടൽഭിത്തിയും 24.8 കി.മീ.പുനരുദ്ധാരണവും 6 പുലിമുട്ടുകളും നിർമ്മിച്ചു. ഇതിനായി 97.14 കോടി രൂപ ചിലവഴിച്ചു. |
| സി) കടൽഭിത്തി നിർമ്മാണത്തിൽ എന്തെങ്കിലും പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | സി) സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ഐ.ഐ.റ്റി. മദ്രാസിലെ വിദഗ്ധർ കേരളത്തിലെ കടൽത്തീരങ്ങൾ സന്ദർശിക്കുകയും അതാത് തീരങ്ങളിലേക്ക് ആവശ്യമുള്ള കടൽഭിത്തിയുടെ രൂപകൽപ്പന ചെയ്യുകയുമുണ്ടായി. ഇതിൻപ്രകാരം ഗാബിയോൺ ബോക്സ് ഉപയോഗിച്ച് പല സ്ഥലങ്ങളിലും കടൽഭിത്തി നിർമ്മാണം നടത്തിവരുന്നു. കൂടാതെ ഐ.ഐ.റ്റി.നിർദ്ദേശപ്രകാരം തന്നെ പുലിമുട്ടുകളുടെ നിർമ്മാണവും നടത്തുന്നു. |
| ഡി) കേടുവന്ന കടൽഭിത്തികളുടെ അറ്റകുറ്റപ്പണികൾ നടത്താൻ നടപടി സ്വീകരിക്കുമോ ; ഏതെല്ലാം സ്ഥലങ്ങളിലാണ് ഇപ്പോൾ കടൽഭിത്തി നിർമ്മിക്കുന്നത് ? | ഡി) കേട് വന്ന കടൽഭിത്തികളുടെ അറ്റകുറ്റപ്പണികൾ ആവശ്യമനുസരിച്ചും സ്റ്റേറ്റ് ഹെഡിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ചും ചെയ്തുവരുന്നു. ഇതുകൂടാതെ 12-ാം ധനകാര്യ കമ്മീഷൻ, സുനാമി പുനരധി വാസപദ്ധതി എന്നിവയിൽപ്പെടുത്തിയും, കടൽഭിത്തി പുനരുദ്ധാരണം ചെയ്യുന്നുണ്ട്. കേരളത്തിലെ കടൽത്തീരം ഉള്ള എല്ലാ ജില്ലകളിലും ആവശ്യാനുസരണം കടൽഭിത്തി നിർമ്മാണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 377 — 18.03.2010-ൽ മറുപടിക്ക്

## ചെറുകിട ക്വാറി മേഖലയുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.സി. രാമൻ എം.എൽ.എ | ശ്രീ.എളമരം കരീം<br>ബഹു.വ്യവസായ വകുപ്പ് മന്ത്രി |
| എ) കരിങ്കൽ ക്വാറികളുടെ അടുത്ത് പുതുതായി വീടുണ്ടാക്കുന്നവർ ജിയോളജി വകുപ്പിന്റെ എൻ.ഒ.സി. വാങ്ങണമെന്ന നിബന്ധനയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഇങ്ങനെയൊരു നിബന്ധന നിലവിലില്ല. |
| ബി) കേരളത്തിലെ ചെറുകിട കരിങ്കൽ ക്വാറികളുടെ പ്രവർത്തനം അന്യംനിന്ന് പോകാതിരിക്കാൻ ഈ നിബന്ധന നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം | (ബി) കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ദൂരപരിധി സംബന്ധിച്ച് 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളിൽ മാറ്റം വരുത്താൻ ഉദ്ദേശമില്ല. |

വെളിപ്പെടുത്തുമോ;

സി) മറ്റു സംസ്ഥാനങ്ങളിലെ വിസ്തൃതമായ ഖനികൾക്കായി ഏർപ്പെടുത്തിയ മൈൻസ് ആക്ട്, 1952-ലെ മൈൻ സേഫ്റ്റി നിയമങ്ങൾ ജനസാന്ദ്രതയുള്ള കേരളത്തിൽ നടപ്പിലാക്കുമ്പോൾ ചെറുകിട ക്വാറിമേഖലകൾ സ്തംഭിക്കാൻ ഇടയാവുകയും കേരളത്തിലെ നിർമ്മാണമേഖലയെ ഇത് ബാധിക്കാനിടയാകുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഡി) ഇത് സംബന്ധിച്ച് സർക്കാർ സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) & (ഡി) 1952-ലെ കേന്ദ്ര നിയമമായ മൈൻസ് ആക്ടും അതോടനുബന്ധിച്ച ചട്ടങ്ങളും ഖനികളുടെയും തൊഴിലാളികളുടെയും സുരക്ഷിതത്വത്തിനു വേണ്ടിയും 1957-ലെ മൈൻസ് & മിനറൽസ് (ഡവലപ്പ്മെന്റ് & റെഗുലേഷൻ) ആക്ട് ധാതുക്കളുടെ വികസനത്തിനും, പരിപാലനത്തിനും വേണ്ടിയുള്ള കേന്ദ്ര സർക്കാർ നിയമങ്ങളാണ്. മൈൻസ് ആക്ടും അതോടനുബന്ധിച്ച ചട്ടങ്ങളും നടപ്പിലാക്കുന്നത് കേന്ദ്ര തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റി ആണ്. കേന്ദ്ര സർക്കാർ തയ്യാറാക്കിയ മൈൻസ് & മിനറൽസ് (ഡവലപ്പ്മെന്റ് & റെഗുലേഷൻ) ആക്ടിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതിയുടെ കരടിൽ മേജർ മിനറൽസിന്റെ ഖനനത്തിന് വേണ്ട ഏറ്റവും കുറഞ്ഞ സ്ഥലവിസ്തൃതി 10 ഹെക്ടറും ചെറുകിട ധാതുവിന് 5 ഹെക്ടറും ആയിരിക്കണം എന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേരളത്തിന്റെ തനതായ പ്രത്യേകതകൾ പരിഗണിച്ചുകൊണ്ട് പ്രസ്തുത വിഷയത്തിൽ മേജർ മിനറലിന്റെ കാര്യത്തിൽ കുറഞ്ഞ സ്ഥലവിസ്തൃതി ഒരു ഹെക്ടറും ചെറുകിട ധാതുക്കളുടെ കാര്യത്തിൽ സ്ഥലപരിമിതി നിശ്ചയിക്കുന്നത് സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ നിലനിർത്തണമെന്നുമുള്ള നിർദ്ദേശം കേന്ദ്ര ഖനിമന്ത്രാലയത്തെ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ട്. അതുപോലെ എം.പി.മാരുടെ യോഗത്തിൽ

| | | |
|---|---|---|
| | | അവതരിപ്പിക്കുവാനുളള ഒരു അജണ്ടയായി പ്രസ്തുത വിഷയം ഉയർത്തിക്കാട്ടിയിട്ടുണ്ട്. കേന്ദ്രസർക്കാർ ഖനനവുമായി ബന്ധപ്പെട്ട് വിളിക്കുന്ന യോഗങ്ങളിലൊക്കെയും പ്രസ്തുത വിഷയം ശ്രദ്ധയിൽ കൊണ്ടുവരാറുണ്ട്. |
| ഇ) അമോണിയം നൈട്രേറ്റിന്റെ ഉപയോഗത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണം കേരളത്തിലെ ക്വാറികൾ നടത്തുന്നതിനെ ബാധിക്കുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>എഫ്) ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഇ) & (എഫ്) | പ്രസ്തുത വിഷയം ഈ വകുപ്പിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. ക്വാറികളിലുപയോഗിക്കുന്ന സ്ഫോടക വസ്തുക്കൾ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് കേന്ദ്ര സർക്കാർ ഏജൻസിയായ പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്ടി ഓർഗനൈസേഷനും കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റിയുമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. : 378 | 18.03.2010 - ൽ മറുപടിയ്ക്ക്

## ജലസേചന പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി

ചോദ്യം

ശ്രീ. എം.ചന്ദ്രൻ

" എം.ജെ.ജേക്കബ്

" പി.കൃഷ്ണപ്രസാദ്

" രാജു എബ്രഹാം

ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ

ഉത്തരം

ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ

(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ഉപയോഗശൂന്യമായതും കാര്യക്ഷമത കുറഞ്ഞതുമായ ജലസേചന പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എ) ഉപയോഗശൂന്യമായതും കാര്യക്ഷമത കുറഞ്ഞതുമായ ജലസേചന പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

കേരളത്തിലെ അണക്കെട്ടുകൾ പുനരുദ്ധരിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടി ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയായ ഡാം റീഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) ലേയ്ക്കായി ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 അണക്കെട്ടുകളുടെയും കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളുടെയും നവീകരണത്തിനായി ജലസേചന വകുപ്പിനായി 111.7 കോടി രൂപയുടെയും വൈദ്യുതി ബോർഡിനു വേണ്ടി 99.47 കോടി രൂപയുടെയും ഉൾപ്പെടെ 211.17 കോടി രൂപയുടെ സംക്ഷിപ്ത രൂപത്തിലുള്ള പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള കേന്ദ്ര ജല കമ്മീഷനിൽ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ പങ്കെടുക്കുന്നതിനുള്ള തീരുമാനം സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകരിച്ചു കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ മലമ്പുഴ പദ്ധതി, ചിറ്റൂർപ്പുഴ പദ്ധതി, കാഞ്ഞിരപ്പുഴ പദ്ധതി എന്നിവയുടെ നവീകരണത്തിന് വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ എ.ഐ.ബി.പി.യിൽ ERM (Extention, Renovation & Modernization) ൽ ഉൾപ്പെടുത്തി (ചിറ്റൂർ പുഴ 34.57 കോടി, മലമ്പുഴ 11.08 കോടി, കാഞ്ഞിരപ്പുഴ-30 കോടി). കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി പദ്ധതിയ്ക്ക് മലബാർ പാക്കേജിൽ ഉൾപ്പെടുത്തി 20 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പഴശ്ശി പദ്ധതിയുടെ ഹെഡ് വർക്സിന്റെ പുനരുദ്ധാരണത്തിന് പഠനം നടത്താനായി NIT, കോഴിക്കോടിനെ ഏൽപ്പിച്ചിട്ടുണ്ട്. അതിൻ പ്രകാരമുള്ള പ്രവൃത്തികൾ ഇപ്പോൾ നടത്തി വരുന്നുണ്ട്.

മലബാർ ഇറിഗേഷൻ പാക്കേജിന് കീഴിൽ ഏഴ് ജില്ലകളിലായി ലിഫ്റ്റ് ഇറിഗേഷന്റെ നവീകരണത്തിന് 52.76 കോടി രൂപയുടെയും റഗുലേറ്റർ, ചെക്ക് ഡാം, വെന്റഡ് ക്രോസ് ബാർ എന്നിവയുടെ റിപ്പയറിംഗിനും നിർമ്മാണത്തിനും 127.33 കോടി രൂപയുടെയും എറണാകുളം ജില്ലയിലെ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണത്തിന് 35.84 കോടി രൂപയുടെയും തെക്കൻ ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുതുക്കി പ്പണിയ്ക്ക് 15.44 കോടി രൂപയുടെയും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ആകെ എത്ര പദ്ധതികളാണ് ഇപ്രകാരം പുനരുദ്ധരിക്കുന്നത് ; | (ബി) | ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 അണക്കെട്ടുകളുടെയും കേരള സംസ്ഥാന വൈദ്യുത ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളും ERM പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ 3 പദ്ധതികളും കോഴിക്കോട് ജില്ലയിലെ ഒന്നും ഇടുക്കി ജില്ലയിലെ രണ്ടും പദ്ധതികൾ പുനരുദ്ധീകരിക്കുന്നുണ്ട്. കൂടാതെ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, |

കാസർഗോഡ് എന്നീ ജില്ലകളിലെ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ നവീകരണത്തിന് 209 പദ്ധതികളും റഗുലേറ്റർ, ചെക്ക് ഡാം, വെന്റഡ് ക്രോസ് ബാർ എന്നിവയുടെ നിർമ്മാണത്തിനും റിപ്പയറിംഗിനുമായി 209 പദ്ധതികളും കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 124 പദ്ധതികളും എറണാകുളം ജില്ലയിലെ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണത്തിന് 127 പദ്ധതികളും തെക്കൻ ജില്ലകളിലെ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ 82 പദ്ധതികളും പുനരുദ്ധരിക്കുന്നുണ്ട്.

(സി) ഇവയുടെ മേൽനോട്ടത്തിനായി പ്രത്യേക സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയ്ക്കായി പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ് മെമ്പറായി ഒരു സ്റ്റിയറിംഗ് കമ്മിറ്റിയും ചീഫ് എഞ്ചിനീയർ ജലസേചന വകുപ്പ് മെമ്പറായുള്ള ഒരു ടെക്നിക്കൽ കമ്മിറ്റിയും കേന്ദ്ര ജല കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ജല കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഓരോ സംസ്ഥാനവും DRIP ന്റെ നടത്തിപ്പിനായി State Project Implementation Management Unit (SPMU) രൂപീകരിക്കേണ്ടതുണ്ട്. മലബാർ പാക്കേജിന് പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) ചെക്ക്ഡാമുകളുടെയും റഗുലേറ്റർ കം ബ്രിഡ്ജുകളുടെയും പുനരുദ്ധാരണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

(ഡി) ഇടുക്കി ജില്ലയിലെ പാമ്പാർ നദീതടത്തിൽ ദേവികുളം താലൂക്കിൽപെടുന്ന പട്ടിശ്ശേരി ചെക്ക് ഡാമിന്റെ പുനരുദ്ധാരണം ചെങ്ങല്ലൂർ സ്കീമിൽ പെടുത്തിയും തലയാർ വിയറിന്റെ പുനരുദ്ധാരണം തലയാർ സ്കീമിലും ഉൾപ്പെടുത്തിയ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. ചെക്ക് ഡാമുകളുടെയും റഗുലേറ്റർ കം ബ്രിഡ്ജുകളുടെയും പുനരുദ്ധാരണത്തിനായി മലബാർ പാക്കേജിനു കീഴിൽ ഏഴ് ജില്ലകളിലായി 209 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

കണ്ണൂർ ജില്ല-26 പദ്ധതികൾ-699.35 ലക്ഷം രൂപ.

മലപ്പുറം ജില്ല-23 പദ്ധതികൾ-665.50 ലക്ഷം രൂപ.

കോഴിക്കോട് ജില്ല-30 പദ്ധതികൾ-1763.15 ലക്ഷം രൂപ.

കാസർഗോഡ് ജില്ല-15 പദ്ധതികൾ-316.35 ലക്ഷം രൂപ.

വയനാട് ജില്ല-64 പദ്ധതികൾ-1392.10 ലക്ഷം രൂപ.

തൃശ്ശൂർജില്ല (ഇറിഗേഷൻ)-41 പദ്ധതികൾ -3948.35 ലക്ഷം രൂപ.

അഡീഷണൽ ഇറിഗേഷൻ-10 പദ്ധതികൾ -3948.00 ലക്ഷം രൂപ.

ആകെ-209 പദ്ധതികൾ -127.33 കോടി രൂപ

തൃശ്ശൂർ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ വരുന്ന റഗുലേറ്റർ കം ബ്രിഡ്ജുകളുടെ പുനരുദ്ധാരണത്തിനായി മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ കരുവന്നൂർ പുഴയിലുള്ള മാഞ്ഞാംകുഴി റഗുലേറ്റർ കം ബ്രിഡ്ജിന്റെ മുകൾ ഭാഗത്തെയും താഴ് ഭാഗത്തെയും apron-ന്റെ പുനരുദ്ധാരണവും പുഴയുടെ കരകളുടെ അറ്റകുറ്റപണികളും ബലപ്പെടുത്തലും തൃശ്ശൂർ ജില്ലയിലെ കരുവന്നൂർ പുഴയിലുള്ള കൊറ്റംകോട് വളവ് റഗുലേറ്ററിന്റെ കൈവരികളുടെ കേടുപാടുകൾ തീർക്കലും ഇരുകരകളിലെയും സംരക്ഷണ പണികളും ഷട്ടറുകളുടെ അറ്റകുറ്റപ്പണികളും തൃശ്ശൂർ ജില്ലയിലെ കരുവന്നൂർ പുഴയിലുള്ള കുത്തുവാക്കൽ റഗുലേറ്ററിന്റെ കേടു വന്ന ഷട്ടറുകളുടെ അറ്റകുറ്റപ്പണികളും മാറ്റി സ്ഥാപിക്കലും തൃശ്ശൂർ ജില്ലയിലെ കരുവന്നൂർ പുഴയിലുള്ള ഇടിയഞ്ചിറ റഗുലേറ്ററിന്റെ ഇരുവശങ്ങളി

ലെയും പാർശ്വ സംരക്ഷണ പണികളും കേടു വന്ന ഷട്ടറുകളുടെ അറ്റകുറ്റപ്പണികളും മാറ്റി സ്ഥാപിക്കലും ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *379 — 18.03.2010—ൽ മറുപടിക്ക്

## എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>,, വി.എൻ. വാസവൻ<br>,, പി.പി. അബ്ദുള്ളക്കുട്ടി<br>,, കെ. ടി . ജലീൽ<br>,, കെ.സി രാജഗോപാലൻ | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) 2011- ഓടെ എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി കേരള ജല അതോറിറ്റി ആവിഷ്കരിച്ചിട്ടുള്ള നിർമ്മാണത്തിലുള്ള പ്രധാനപ്പെട്ട പദ്ധതികൾ താഴെ പറയുന്നവയാണ്. |

| പദ്ധതി | പദ്ധതികളുടെ എണ്ണം |
|---|---|
| ത്വരിത ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതികൾ | 81 |
| ടെക്നോളജി മിഷൻ | 11 |
| നബാർഡ് (സ്ലാൻ) | 36 |
| നബാർഡ് (RIDF-IX) | 4 |
| ജെ ബി ഐ സി പദ്ധതികൾ | 5 |
| സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ | 16 |
| എ. നഗര ശുദ്ധ ജല വിതരണ പദ്ധതികളുടെ പൂർത്തീകരണം—പ്രത്യേക പാക്കേജ് | |
| ബി. എ.ആർ.ഡബ്ല്യൂ.എസ്.എസിൽ ഉൾപ്പെടാത്ത ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി | 6 |
| സി. എ.ആർ.ഡബ്ല്യൂ.എസ്.എസ് (സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെട്ടവ) | 9 |

| | |
|---|---|
| ഡി. എൽ.ഐ.സി വൂറൽ | 4 |
| കൊച്ചി അഡ്ഹോക് ഓഗ്മെൻറേഷൻ ശുദ്ധ ജല വിതരണ പദ്ധതിയുടെ ബാലൻസ് വർക്ക് | 1 |
| സുനാമി അടിയന്തിര സഹായ പദ്ധതികൾ | 3 |
| ബാങ്കിൻെറ സഹായത്തോടെയുള്ള പദ്ധതി | 1 |

സാർക്കിൽ ഉൾപ്പെട്ട പുതിയ മൂലധന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച പാറശ്ശാലയ്ക്കും സമീപ പ്രദേശങ്ങൾക്കും മറുകിൽ മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള 136.40 കോടി രൂപയുടെ ശുദ്ധ ജല വിതരണ പദ്ധതിയും കുമരകം തിരുവാർപ്പ് ശുദ്ധ ജല വിതരണ പദ്ധതിയുടെ വിപുലീകരണത്തിനു വേണ്ടി 24.05 കോടി രൂപയുടെ പദ്ധതിയും നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മേൽപ്പറഞ്ഞവ കൂടാതെ, 40 സുനാമി പുനരധിവാസ പദ്ധതികളും (ടി ആർ പി) 2 ജെ.എൻ.എൻ.യു.ആർ.എം പദ്ധതികളും, 2 യു.ഐ.ഡി.എസ്. എസ്. എം.ടി പദ്ധതികളും, 162 എൻ.സി /പി.സി പദ്ധതികളും നിർമ്മാണത്തിൽ ഇരിക്കുന്നവയിൽ ഉൾപ്പെടുന്നു. യു.ഐ.ഡി. എസ്.എസ്.എം.ടി യിൽ 11 നഗരസഭകൾക്ക് വേണ്ടിയുള്ള പദ്ധതികൾ പ്രാരംഭഘട്ടത്തിലാണ്.

എ.ഡി.ബി യുടെ ധനസഹായത്തോടെ

യുള്ള 2 സുനാമി പദ്ധതികളുടെ പണി പൂർത്തീകരിച്ച് ട്രയൽ റൺ നടന്നു വരികയാണ്.

2011—ഓടെ ത്വരിത ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി, ടെക്നോളജി മിഷൻ, നബാർഡ് (സ്ലാൻ) എന്നീ പദ്ധതികളുടെ ഭൂരിഭാഗവും പൂർത്തീ കരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

നബാർഡ് RIDF-IX —ൽ ഉൾപ്പെട്ട 4 പദ്ധതികളും 2011—ഓടെ പൂർത്തീ കരിയ്ക്കാവുന്നതാണ്. ജെ.ബി. ഐ.സിയിൽ ഉൾപ്പെട്ട 5 പദ്ധതികളും 2011—ൽ പൂർത്തീകരിയ്ക്കത്തക്കവിധം ത്വരിതഗതിയിൽ പുരോഗമിയ്ക്കുന്നു. നടപ്പി ലിരിക്കുന്ന 40 സുനാമി പുനരധിവാസ പദ്ധതികളും 2010—ഓടെ പൂർത്തീ കരികരിക്കാൻ ലക്ഷ്യ മിട്ടിരിക്കുന്നു.

ജെ.എൻ.എൻ.യു.ആർ.എം., യു.ഐ.ഡി.എസ്.എസ്.എം.ടി, പുതിയ മൂലധന പദ്ധതി, എന്നിവയിൽപ്പെട്ട പദ്ധതികൾ ഒഴികെ ബാക്കി നടപ്പി ലിരിയ്ക്കുന്ന പദ്ധതികളുടെ ഭൂരിഭാഗവും 2011—ഓടെ പൂർത്തീകരിയ്ക്കുവാൻ ലക്ഷ്യ മിട്ടിരിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | 2008—ലെ കേരള ജല വിതരണവും അഴുക്കുചാലും (ഭേദഗതി) നിയമം കുടിവെള്ള മോഷണം തടയുന്നതിനും ദുരുപയോഗം നിയന്ത്രിക്കുന്നതിനും പ്രയോജനപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | കേരള ജലവിതരണവും അഴുക്കുചാലും (ഭേദഗതി) നിയമം, 2008 പ്രാബല്യത്തിൽ വന്നതിനുശേഷം നിയമ വിരുദ്ധ പ്രവർത്തനങ്ങൾ കണ്ടെത്തുവാനും അവയ്ക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നിയമ വിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെടുന്നവർക്ക് നേരിടേണ്ടി വരുന്ന ശിക്ഷണ നടപടികളെക്കുറിച്ച് മാധ്യമങ്ങൾ വഴി പ്രചാരണം നൽകുകയുണ്ടായി. ഇതിനെത്തുടർന്ന് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനുള്ള പ്രവണത കുറഞ്ഞു വരുന്നതായി ഗവൺമെന്റ് മനസ്സിലാക്കുന്നു. ഇതിൽ നിന്നും നിയമഭേദഗതി, കുടിവെള്ള മോഷണം, ദുരുപയോഗം എന്നിവ നിയന്ത്രിക്കുന്നതിന് പ്രയോജനപ്പെട്ടിട്ടുണ്ട് എന്ന് കണക്കാക്കുന്നു. |
| (സി) | കൊച്ചി ഹഡ്കോ ശുദ്ധ ജല വിതരണ പദ്ധതി പൂർത്തിയായിട്ടുണ്ടോ; പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ട്; | (സി) | കൊച്ചി ഹഡ്കോ ശുദ്ധ ജല വിതരണ പദ്ധതി പൂർത്തിയായി . ഈ പദ്ധതി പ്രകാരം 6,97,000 പേർക്ക് പ്രയോജനം ലഭിച്ചു. ഈ പദ്ധതി പ്രകാരം കൊച്ചി കോർപ്പറേഷനിലും നായരമ്പലം, എളങ്കുന്നപ്പുഴ, ഞായറ്ക്കൽ എന്നീ പഞ്ചായത്തുകളിലും ശുദ്ധ ജല വിതരണ നടത്തുന്നു. |

(ഡി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വൻകിട ചെറുകിട ശുദ്ധ ജല വിതരണ പദ്ധതികൾ ഏതെല്ലാമാണ്; ഇവയുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(ഡി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വൻകിട ചെറുകിട ശുദ്ധ ജല വിതരണ പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നവയാണ്.

**വൻകിട പദ്ധതികൾ**

| പദ്ധതി | പദ്ധതികളുടെ എണ്ണം |
|---|---|
| ത്വരിത ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതികൾ | 81 |
| ടെക്നോളജി മിഷൻ | 11 |
| നബാർഡ് (സ്വാൻ) | 36 |
| നബാർഡ് (RIDF-IX) | 4 |
| ജെ ബി ഐ സി പദ്ധതികൾ | 5 |
| സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ | 16 |
| എ. നഗര ശുദ്ധ ജല വിതരണ പദ്ധതികളുടെ പൂർത്തീകരണം—പ്രത്യേക പാക്കേജ് | 16 |
| ബി. എ.ആർ.ഡബ്ള്യു.എസ്.എസിൽ ഉൾപ്പെടാത്ത ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി | 6 |
| സി. എ.ആർ.ഡബ്ള്യു.എസ്.എസ് (സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെട്ടവ) | 9 |
| ഡി. എൽ.ഐ.സി റൂറൽ | 4 |
| അഡ്ഹോക് ഓഗ്മെന്റേഷൻ ശുദ്ധ ജല വിതരണ പദ്ധതിയുടെ ബാലൻസ് വർക്ക് | 1 |
| ടി.ഇ.എ.പി—സുനാമി അടിയന്തിര സഹായ പദ്ധതികൾ | 3 |
| ബാങ്കിന്റെ സഹായത്തോടെയുള്ള പദ്ധതി | 1 |

| | |
|---|---|
| ജെ.എൻ.എൻ.യു.ആർ. എം | 2 |
| യു.ഐ.ഡി.എസ്.എസ്.എം.ടി | 2 |
| സാർക്കിൽപ്പെട്ട പുതിയ മൂലധന പദ്ധതികൾ | 2 |

<u>ചെറുകിട പദ്ധതികൾ</u>

| <u>പദ്ധതികൾ</u> | <u>പദ്ധതികളുടെ എണ്ണം</u> |
|---|---|
| കേന്ദ്രസഹായത്തോടെയുള്ള എൻ. സി / പി.സി പദ്ധതികൾ | 162 |
| ടി..ആർ.പി പദ്ധതികൾ | 40 |

ഈ പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 380 * | 18.03.2010 ൽ മറുപടിക്ക്

## ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് സൗജന്യമായി വെള്ളം നല്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. എ.പി.അനിൽകുമാർ<br>ശ്രീ. വർക്കല കഹാർ | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് പത്തു കിലോ ലിററർ വരെ വെള്ളം സൗജന്യമായി നൽകുമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്ന് ; | (ബി) 25.09.2008 ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 44/08/ജ.വി.വ. പ്രകാരം 01.09.2008 മുതൽ പ്രാബല്യത്തിൽ വന്നു. |
| (സി ഈ ഉത്തരവ് അനുസരിച്ച് ആനുകൂല്യം കിട്ടുവാനുള്ള നടപടി ക്രമം എന്താണ് ; | (സി 25.09.2008 ലെ സർക്കാർ ഉത്തരവ് പ്രകാരം താഴെ പറയുന്ന നടപടി ക്രമങ്ങളാണ് നിലവിലുള്ളത്.<br><br>1. ആനുകൂല്യം ലഭിക്കുന്നതിനായി ബി.പി.എൽ. ഉപഭോക്താവ് റേഷൻ കാർഡ് ഹാജരാക്കേണ്ടതാണ്.<br>2.ബി.പി.എൽ. റേഷൻ കാർഡിൽ ഗൃഹനാഥൻ/ഗ്രഹനാഥ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതോ അവരിൽ ആരെങ്കിലും ഒരാളുടെ പേരിൽ നിലനൽക്കുന്നതോ അപേക്ഷിക്കുന്നതോ ആയ ഉപഭോക്താക്കളുടെ വാട്ടർ കണക്ഷനുകൾക്കു മാത്രമേ ഈ ആനുകൂല്യം അനുവദിക്കുകയുള്ളൂ.<br>3. പ്രതിമാസം 10000 ലിററർ വരെ മാത്രം വെള്ളം ഉപയോഗിക്കുന്ന ഗാർഹിക വിഭാഗം ഉപഭോക്താക്കൾക്ക് മാത്രമേ ബി.പി.എൽ. ആനുകൂല്യം അനുവദിച്ചിട്ടുള്ളൂ.<br>4. ആനുകൂല്യങ്ങൾക്ക് അർഹരാകുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളുടെ വാട്ടർ മീററർ പ്രവർത്തനക്ഷമമായിരിക്കണം<br>5. ബി.പി.എൽ. ആനുകൂല്യത്തിന് അർഹരായ ഉപഭോക്താക്കൾ എന്തെങ്കിലും അനധികൃത പ്രവർത്തനത്തിൽ ഏർപ്പെടുന്നപക്ഷം ടി ആനുകൂല്യം നിർത്തലാക്കുന്നതാണ്<br>. |

| | | | |
|---|---|---|---|
| | | | 6. ബി.പി.എൽ. ആനുകൂല്യം ലഭിക്കുന്നതിനായി ഉപഭോക്താവ് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പടുന്നതാണ് എന്ന് തെളിയിക്കുന്നതിനായി അസ്സൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട ഓഫീസിൽ ഹാജരായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (ഡി) | ഈ ഉത്തരവിന് ആവശ്യമായ പ്രചരണം നൽകിയിട്ടുണ്ടോ ; | (ഡി) | നൽകിയിട്ടുണ്ട് |
| (ഇ) | എങ്കിൽ എപ്രകാരമെന്നു വിശദമാക്കുമോ ; | (ഇ) | ബി.പി.എൽ. ആനുകൂല്യം സംബന്ധിച്ച് പത്രമാധ്യമങ്ങൾ മുഖേനയും കളക്ഷൻ സെൻററുകളിൽ നോട്ടീസ് പതിപ്പിച്ചും വാഹനങ്ങളിൽ അനൗൺസ്മെൻറ് നടത്തിയും ആവശ്യമായ പ്രചരണം നൽകിയിട്ടുണ്ട്. |
| (എഫ് | ഉപഭോക്താക്കളിൽ എത്ര പേരിൽ നിന്ന് സൗജന്യമായി വെള്ളം ലഭിയ്ക്കുന്നതിനുള്ള അപേക്ഷ കിട്ടി ; | (എഫ്) | 31078 പേരിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (ജി) | എത്ര പേർക്ക് സൗജന്യ ജലം ലഭിക്കുമെന്ന് ഉത്തരവിറക്കി എന്ന് വ്യക്തമാക്കുമോ ? | (ജി) | മാനദണ്ഡങ്ങൾക്കു വിധേയമായി 10780 അപേക്ഷകൾക്ക് സൗജന്യ ജല വിതരണത്തിനുള്ള ഉത്തരവ് ഇതേവരെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.381 — 18.3.2010ൽ മറുപടിയ്ക്ക്

## ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

ചോദ്യം

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ.എം.മുരളി:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ

(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര ഗവൺമെൻറ് നടപ്പാക്കി വരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ നൽകുന്നവർക്ക് വേണ്ടി കേന്ദ്രം 250/-രൂപ വീതം നൽകുന്നതിനോടൊപ്പം സംസ്ഥാന സർക്കാർ 150/-രൂപ കൂടി ചേർത്ത് 400/-രൂപ പെൻഷൻ നൽകണമെന്ന് വ്യവസ്ഥയുണ്ടോ; | (എ) യും (ബി) യും | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ നൽകുന്നവർക്ക് പ്രതിമാസം 200/-രൂപ വീതമാണ് കേന്ദ്ര വിഹിതം. ഇതിനു തുല്യമായ തുക സംസ്ഥാന സർക്കാരും നൽകണമെന്ന നിർദ്ദേശമുണ്ടെങ്കിലും അങ്ങനെ വ്യവസ്ഥയൊന്നും ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ സംസ്ഥാന വിഹിതമായി 50 രൂപയും ചേർത്ത് പ്രതിമാസം 250/-രൂപയാണ് പെൻഷൻ **നൽകി** വരുന്നത്. പെൻഷൻ തുക 300/-രൂപയായി വർദ്ധിപ്പിക്കു**മെന്ന്** 2010-11ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നിരവധി ക്ഷേമ പെൻഷൻ **പദ്ധതികൾ സംസ്ഥാനത്ത് നിലനിൽക്കുന്നതിനാലും ഇവയിൽ ഇരട്ടിപ്പുള്ളതിനാലും വ്യക്തമായ പരിശോധനയ്ക്ക് ശേഷം മാത്രമെ** കൂടുതൽ **സംസ്ഥാന വിഹിതം** അനുവദിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | എങ്കിൽ സംസ്ഥാനം നൽകേണ്ട 150/-രൂപ കൂടി **ചേർത്ത്** 400/-രൂപ പെൻഷ**ൻ** നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെ**ന്ന്** വ്യക്തമാക്കുമോ; | | |
| (സി) | ഐ.ജി.എൻ.ഒ.എ.പി.എസ് പ്രകാരം സംസ്ഥാനത്ത് എത്ര പേർക്ക് പെൻഷൻ കൊടുക്കുന്നു; | (സി) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാ**ല** പെൻഷൻ പദ്ധതി പ്രകാരം നില**വിൽ** **173071** പേർക്ക് പെൻഷൻ **നൽകി** വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാന ഗവൺമെൻറിന്റെ വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരം എത്ര പേർക്ക് പെൻഷൻ നൽകുന്നു; എത്ര രൂപ വീതം നൽകുന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന ഗവൺമെൻറിന് പ്രത്യേകമായി വാർദ്ധക്യകാല പെൻഷൻ പദ്ധതി നിലവിൽ ഇല്ല. എന്നാൽ വിവിധ തൊഴിലാളി വിഭാഗങ്ങളിൽ പെട്ട പ്രായമായ ആൾക്കാർക്ക് ക്ഷേമ പെൻഷനുകൾ നൽകി വരുന്നുണ്ട്. |

R. Vijayalu

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 382 * 18.03.2010 ൽ മറുപടിക്ക്

## ഗുണനിലവാര പരിശോധനാ ലബോറട്ടറികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. എ.എം.യൂസഫ്<br>ശ്രീ. കെ.വി.കുഞ്ഞിരാമൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഗുണനിലവാര പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാമിൻെറ മാർഗ്ഗ നിർദ്ദേശം വ്യക്തമാക്കുമോ ; | (എ) ഗ്രാമീണ മേഖലയിലെ കുടിവെള്ള ഗുണനിലവാര പരിശോധനയ്ക്കായി 200 ആൾക്കാർക്ക് ഒരു സാമ്പിൾ എന്ന അനുപാതത്തിൽ പരിശോധനയ്ക്കായി ഏററവും താഴെ തലത്തിൽ സബ് ഡിവിഷൻ ലാബുകളും അതിനു മുകളിൽ ജില്ലാ ലാബുകളും സംസ്ഥാന തലത്തിൽ സംസ്ഥാന തല റഫറൽ ഇൻസ്റ്റിററ്യൂട്ടുമാണ് നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാമിൻെറ മാർഗ്ഗനിർദ്ദേശത്തിൽ പറഞ്ഞിട്ടുള്ളത്. |
| (ബി) ഇതനുസരിച്ച് ഗുണനിലവാര ലബോറട്ടറികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട് |
| (സി) ഗുണനിലവാര പരിശോധനയ്ക്കായി ആലുവായിൽ സ്ഥാപിച്ച സ്റ്റേററ് റഫറൽ ഇൻസ്റ്റിററ്യൂട്ടിൻെറ പ്രവർത്തനം വിശദമാക്കുമോ ; | (സി) ജല ഗുണനിലവാര പരിശോധനയ്ക്കായി 01.04.2009 മുതൽ എറണാകുളം ജില്ലയിലെ മരട് പഞ്ചായത്തിൽ നെട്ടൂർ എന്ന സ്ഥലത്ത് സംസ്ഥാന തല റഫറൽ ഇൻസ്റ്റിററ്യൂട്ട് സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഈ ലാബിൽ ജല ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ ആധുനിക സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കുടിവെള്ളത്തിലെ ഘനലോഹങ്ങളുടെയും കീടനാശിനികളുടെയും സാന്നിദ്ധ്യം പരിശോധിക്കാൻ ഈ ലാബിൽ സംവിധാനമുണ്ട്. ജില്ലാ ലാബുകളിൽ പരിശോധിച്ച. സാമ്പിളുകളുടെ 10% സംസ്ഥാന റഫറൽ ഇൻസ്റ്റിററ്യൂട്ടിൽ പരിശോധിയ്ക്കുന്നുണ്ട്. |
| (ഡി) ഇൻസ്റ്റിററ്യൂട്ടിൻെറ അപ്ഗ്രഡേഷനു വേണ്ടി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ; | (ഡി) 2010 11 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റേററ് റഫറൽ ഇൻസ്റ്റിററ്യൂട്ടിൻെറ അപ്ഗ്രഡേഷനുവേണ്ടി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | കിണർ വെള്ളത്തിൻെറ ഗുണനില ഇ വാര പരിശോധനയ്ക്കായി ആവിഷ്ക്ക രിച്ച സുജല പദ്ധതി പ്രകാരം എത്ര കിണറുകളിലെ ജലം പരിശോധി ച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | സുജല പദ്ധതി പ്രകാരം 8582 കുടിവെള്ള സ്രോതസ്സുകളിലെ ജല സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 383

18.03.2010-ൽ മറുപടിക്ക്.

## കേരള സംരംഭക നിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. അടൂർ പ്രകാശ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) 100 കോടി രൂപാ ആസ്തിയുള്ള കേരള സംരംഭക നിധി രൂപീകരിക്കുവാൻ 2009-10-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നുവോ ; | (എ) ചെറുകിട നൂതന വ്യവസായങ്ങളെ ത്വരിതപ്പെടുത്തുന്നതിനായി 100 കോടി രൂപ ആസ്തിയുള്ള കേരള സംരംഭക നിധി തുടങ്ങുമെന്ന് 2009-2010-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിലേയ്ക്കായി പത്തു കോടി രൂപ ഈ സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തുമെന്നും പ്രസ്തുത ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. |
| (ബി) ഈ നിധിയിൽ കെ.എഫ്.സി, കെ.എസ്.എഫ്.ഇ, കെ.എസ്.ഐ.ഡി.സി മുതലായവയിൽ നിന്നും തുക സംഭരിക്കുവാൻ ഉദ്ദേശ്യമുണ്ടായിരുന്നുവോ ; | (ബി) കെ.എഫ്.സി, കെ.എസ്.ഐ.ഡി.സി, കെ.എസ്.എഫ്.ഇ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി പങ്കാളിത്തത്തോടുകൂടി സംരംഭക നിക്ഷേപക പദ്ധതി തുടങ്ങുവാനുള്ള നിർദ്ദേശമാണ് പരിഗണനയിലുള്ളത്. |
| (സി) എങ്കിൽ ഈ സംരംഭത്തിനു വേണ്ടി എത്ര തുക സംഭരിക്കുവാൻ കഴിഞ്ഞു ;<br><br>(ഡി) ഈ നിധിയിൽ നിന്നും ഇതുവരെ എത്ര പേർക്ക് ധനസഹായം അനുവദിക്കുകയുണ്ടായി എന്നറിയിക്കാമോ ? | (സി)-യും (ഡി)-യും<br><br>പ്രസ്തുത നിധി തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ ഇതുവരെയും പൂർത്തിയായിട്ടില്ല. |

Sd/-

**സെക്ഷൻ ഓഫീസർ**

25

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 384

18.03.2010-ൽ മറുപടിക്ക്.

## നൂതന ചെറുകിട - ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് വെഞ്ച്വർ ഫണ്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് എം. പുതുശ്ശേരി :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. തോമസ് ചാഴികാടൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നൂതന ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് വെഞ്ച്വർ ഫണ്ടിലേക്ക് ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപം ഉറപ്പാക്കുന്നതിൽ സർക്കാർ വിജയിച്ചോ ; ഇതിനോടകം എത്ര തുക സമാഹരിച്ചു ; വ്യക്തമാക്കുമോ ; | (എ) വെഞ്ച്വർ ഫണ്ട് തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ ഇനിയും പൂർത്തിയായിട്ടില്ല. വെഞ്ച്വർ ഫണ്ട് ആരംഭിക്കുന്നതിനു വേണ്ടി 'ക്രിസിൽ' എന്ന സ്ഥാപനം നടത്തിയ സാധ്യതാ പഠന റിപ്പോർട്ട് പഠിച്ചുവരികയാണ്. |
| (ബി) പ്രസ്തുത ഫണ്ടിലേക്കുള്ള ബജറ്റ് വിഹിതം എത്രയായിരുന്നു ; ഫണ്ട് മാനേജ് ചെയ്യുന്നതിന് ഏത് ബാങ്കിനെയാണ് ചുമതലപ്പെടുത്തിയത് ; | (ബി) നൂറു കോടി രൂപയുടെ ആസ്തിയുള്ള കേരള സംരംഭക നിധി, ചെറുകിട - വൻകിട വ്യവസായങ്ങൾക്കുവേണ്ടി തുടങ്ങുമെന്ന് 2009-10-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഈ ധനകാര്യ വർഷത്തിൽ ഇതിലേക്കായി പത്തുകോടി രൂപ നീക്കിവയ്ക്കുമെന്ന് പ്രസ്തുത പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഈ നിധി തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ ഇതുവരെയും പൂർത്തിയായിട്ടില്ല. |
| (സി) വെഞ്ച്വർ ഫണ്ടിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞോ ; കൈവരിച്ച നേട്ടങ്ങളുടെ വിശദാംശങ്ങൾ നൽകുമോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

25

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 385

18.03.2010-ൽ മറുപടിക്ക്.

## വിദേശ മുതൽമുടക്കിൽ പുതിയ വ്യവസായങ്ങൾ

**ചോദ്യം**

ശ്രീ. പി.സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

**ഉത്തരം**

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിദേശ മുതൽ മുടക്കിൽ ചെറുതും വലുതുമായ എത്ര വ്യവസായങ്ങൾ സ്ഥാപിക്കുവാൻ വ്യവസായ സംരംഭകർ താൽപ്പര്യം അറിയിച്ചു ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിദേശികളും പ്രവാസികളും ചേർന്ന് സ്ഥാപിക്കുന്ന 9 പദ്ധതികൾക്ക് കെ.എസ്.ഐ.ഡി.സി അനുമതി നൽകിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ കെ.എസ്.ഐ.ഡി.സി-യുമായി ബന്ധപ്പെട്ട് ഇടത്തരം വൻകിട മേഖലകളിൽ വ്യവസായം സ്ഥാപിക്കുന്നതിന് താത്പര്യം പ്രകടിപ്പിച്ച് 7 പേർ ധാരണാപത്രത്തിൽ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. കൂടാതെ, റഷ്യൻ സർക്കാർ കമ്പനിയായ റോസബെറോൺ എക്സ്പോർട്ട്സ് കൊല്ലത്ത് ടൈറ്റാനിയം സ്പോഞ്ച് വ്യവസായം സ്ഥാപിക്കുന്നതിനും അമേരിക്കൻ കമ്പനിയായ പാരലൽ ഗ്രൂപ്പ് കൊച്ചിയിൽ ഇ-സ്കൂട്ടർ അസംബ്ലിംഗ് പദ്ധതി സ്ഥാപിക്കുന്നതിനും താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കിൻഫ്രയുടെ വിവിധ പാർക്കുകളിൽ വ്യവസായം സ്ഥാപിക്കുന്നതിന് 8 വ്യവസായ സംരംഭകരും മുന്നോട്ട് വന്നിട്ടുണ്ട്.

(ബി) അവരിൽ എത്ര പേർക്കു വ്യവസായം ആരംഭിക്കുവാൻ സ്ഥലം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തു ;

(ബി) കിൻഫ്രയുടെ പാർക്കുകളിൽ വ്യവസായം ആരംഭിക്കുന്നതിന് മുന്നോട്ട് വന്ന എല്ലാ സംരംഭകർക്കും സ്ഥലം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുത്തിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി-യും സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ വ്യവസായങ്ങൾ സ്ഥാപിക്കുന്ന പക്ഷം എത്ര തുക സംസ്ഥാനത്ത് വ്യവസായ രംഗത്ത് നിക്ഷേപിക്കപ്പെടും എന്ന് വ്യക്തമാക്കുമോ ?

(സി) കെ.എസ്.ഐ.ഡി.സി-യുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുന്ന വ്യവസായങ്ങളുടെ ഭാഗമായി ഏകദേശം 5700 കോടി രൂപയുടെ നിക്ഷേപവും കിൻഫ്രയുടെ വിവിധ പാർക്കുകളിൽ സ്ഥാപിക്കുന്ന വ്യവസായങ്ങളുടെ ഭാഗമായി 19,42,897 ലക്ഷം രൂപയുടെയും നിക്ഷേപം ഉണ്ടാകുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 386

18.3.2010 ലെ മറുപടിയ്ക്ക്

**ഭക്ഷ്യ സംസ്ക്കരണ വ്യവസായ പാർക്ക്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.ജെ. അരുന്ധതി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. പി.കൃഷ്ണപ്രസാദ്<br>ശ്രീമതി. കെ.കെ.ലതിക<br>ശ്രീ.എസ്. രാജേന്ദ്രൻ | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യസംസ്കരണ വ്യവസായ പരിപോഷണത്തിനായി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്കുകൾ ഏതെല്ലാമാണ്; | എ)ഭക്ഷ്യസംസ്കരണത്തിനെ പ്രോത്സാപ്പിക്കുന്നതിനായി കിൻഫ്രയുടെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന വ്യവസായ പാർക്കുകൾ/ ഭക്ഷ്യസംസ്ക്കരണമേഖലകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.<br>• ഭക്ഷ്യസംസ്ക്കരണപാർക്ക്, കാക്കഞ്ചേരി, മലപ്പുറം<br>• ഭക്ഷ്യ സംസ്ക്കരണത്തിനായി പ്രേത്യക സാമ്പത്തികമേഖല, കാക്കഞ്ചേരി, മലപ്പുറം<br>• ഭക്ഷ്യസംസ്ക്കരണ മേഖല, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ,എറണാകുളം<br>• കോൾഡ് സ്റ്റോറേജ്, കിൻഫ്ര വ്യവസായ പാർക്ക്, വയനാട്<br>• ഭക്ഷ്യസംസ്ക്കരണ പാർക്ക്, അടൂർ, പത്തനംതിട്ട<br>വയനാട്ടിൽ ഒരു ഭക്ഷ്യ സംസ്ക്കരണ പാർക്ക്, തൃശ്ശൂരിൽ ഒരു കേര പാർക്ക് എന്നിവ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |

| | |
|---|---|
| (ബി) ഇവയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ; | ബി) i)**ഭക്ഷ്യസംസ്ക്കരണ പാർക്ക്, കാക്കനാട്**<br>കേന്ദ്ര സർക്കാരിൻെറ സഹായത്തോടുകൂടി സ്ഥാപിച്ചിട്ടുള്ള പാർക്കിൽ ഭക്ഷ്യ സംസ്ക്കരണ മേഖലയ്ക്കു വേണ്ട താഴെപറയുന്ന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.<br>• വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻ<br>• എഫ്ലുവെൻറ് ട്രീറ്റ്മെൻറ് പ്ലാൻറ്<br>• ക്വാളിറ്റി കൺട്രോൾ ലാബ്<br>• ഫുഡ് ഇൻക്യുബേഷൻ സെൻറർ, കാക്കഞ്ചേരി<br>ഈമേഖലയിൽ വ്യവസായം ആരംഭിക്കുന്നവർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനും, ഭക്ഷ്യസംസ്ക്കരണ മേഖലയിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഭക്ഷ്യ സാധനങ്ങൾ ടെസ്റ്റ് ചെയ്യുന്നതിനും വേണ്ടിയാണ് ഈ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.<br>ii) **പ്രത്യേക സാമ്പത്തിക മേഖല,കാക്കാഞ്ചേരി, മലപ്പുറം**.<br>ഭക്ഷ്യ സംസ്ക്കരണ പാർക്കിലെ 30ഏക്കർ സ്ഥലത്താണ് പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിച്ചിരിക്കുന്നത്.വ്യവസായികൾക്കാവശ്യമായ എല്ലാവിധസൗകര്യങ്ങളും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.<br>iii) **കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ,എറണാകുളം**<br>പ്രസ്തുത പാർക്കിൽ ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾക്കു വേണ്ടി ഒരു പ്രേത്യക മേഖല സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത മേഖലയിൽ ഭക്ഷ്യ സംസ്ക്കരണമേഖലയിൽ ആവശ്യമായ ജലം, വൈദ്യുതി, Effluent Treatment Plant , എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഒരു ക്വാളിറ്റി കൺട്രോൾ ലാബും സ്ഥാപിച്ചിട്ടുണ്ട്. |

**iv) കിൻഫ്ര വ്യവസായ പാർക്ക്, വയനാട്**

പ്രസ്തുത പാർക്കിൽ ഭക്ഷ്യ ഉൽപ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് അത്യാധുനിക സൗകര്യങ്ങളുള്ള ഒരു കോൾഡ് സ്റ്റോറേജ് സ്ഥാപിച്ചിട്ടുണ്ട്.

| | |
|---|---|
| (സി)അടൂർ ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | സി) ഉണ്ട്. |
| (ഡി) ഏതെല്ലാം സ്ഥാപനങ്ങൾ ക്കാണ് ഇവിടെ സ്ഥലം അനുവദി ച്ചിട്ടുള്ളത്; | ഡി)<br>1.ശ്രീ. ബിനു ഉമ്മൻ<br>2. ശ്രീമതി .ഗിരിജാ കുമാരി<br>3.ശ്രീ. കെ.ആർ. വിനോദ്<br>4. M/s ബ്രാഫിൻസ് ഗ്രൂപ്പ് ഓഫ് ഇൻഡസ്ട്രീസ്<br>5.ശ്രീ. അലക്സ് തോമസ്,ടൈറാ ഫുഡ് ഇൻഡ്യ, പ്രൈവറ്റ് ലിമിറ്റഡ്<br>6. M/sഅൽമേലാ ഷോപ്പിംഗ് പ്രൈവറ്റ് ലിമിറ്റഡ്<br>7.ശ്രീ. ജേക്കബ് ഫിലിപ്പ്<br>8.ശ്രീ. സുരേന്ദ്രൻപിള്ള റ്റി.എം.<br>9.ശ്രീ. അശോക് പി. ജോൺ<br>10. M/s Nar സ്പൈസ് പ്രൊഡക്റ്റ്സ്<br>11. ശ്രീ. തോമസ് ഫിലിപ്പ് എൻ.<br>12. M/s പീക്കെ ആഗ്രോ ഫുഡ് പ്രൊഡക്ട് പ്രൈവറ്റ്, ലിമിറ്റഡ്. |
| (ഇ) ആലപ്പുഴയിലെ സീ ഫുഡ് പാർക്കിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ഇ) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള MPEDA (Marine Product Export Development Authority) യും10 സീഫുഡ് എക്സ്പോർട്ടേഴ്സും ചേർന്ന് ഒരു കമ്പനി രൂപീകരിക്കുകയും പ്രസ്തുത കമ്പനിയും കിൻഫ്രയും ചേർന്നുള്ള സംയുക്ത സംരംഭമായിട്ടാണ് സീഫുഡ് പാർക്ക് സ്ഥാപി ച്ചിരിക്കുന്നത്. പ്രസ്തുതപാർക്കിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

- 10മൊഡ്യൂളുകളിൽ 4000Sq.ft വീതം ശീതീകരിച്ച പ്രീ-പ്രോസസ്സിംഗ് സംവിധാനം
- എഫ്ലുവെൻറ് ട്രീറ്റ്മെൻറ് പ്ലാൻറ്
- അന്താരാഷ്ട്ര നിലവാരമുള്ള ക്വാളിറ്റി കൺട്രോൾ ലാബ് .

അതുവഴി കയറ്റിഅയയ്ക്കുന്ന വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പാക്കാൻ കഴിയുന്നു. പ്രസ്തുത സീ ഫുഡ് പാർക്ക് 2003 മുതൽ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാണ്.

| | |
|---|---|
| എഫ്) കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ പരിപോഷണ ത്തിനായി പ്രത്യേക പാക്കേജ് ആവിഷ്ക്കരിക്കുമോ? | എഫ്) കാർഷിക മേഖലയിലെ വ്യവസായങ്ങളുടെ പരിപോഷണത്തിനായി ഗവൺമെൻറ് ഇതിനകം തന്നെ പ്രത്യേകം പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഈ മേഖലയിലെ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി താഴെ പറയുന്ന സ്ഥലങ്ങളിൽ ഫുഡ് പ്രോസസ്സിങ്ങ് പാർക്ക് ആരംഭിച്ചിട്ടുണ്ട്. |

- ഭക്ഷ്യസംസ്ക്കരണപാർക്ക്, കാക്കഞ്ചേരി, മലപ്പുറം
- ഭക്ഷ്യ സംസ്ക്കരണത്തിനായി പ്രേത്യക സാമ്പത്തികമേഖല, കാക്കഞ്ചേരി, മലപ്പുറം
- ഭക്ഷ്യസംസ്ക്കരണ മേഖല, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ,എറണാകുളം
- കോൾഡ് സ്റ്റോറേജ്, കിൻഫ്ര വ്യവസായ പാർക്ക്, വയനാട്
- ഭക്ഷ്യസംസ്ക്കരണ പാർക്ക്, അടൂർ, പത്തനംതിട്ട

കൂടാതെ വയനാട് ഒരു മെഗാ ഫുഡ് പാർക്കും തൃശൂരിൽ ഒരു കേരാ പാർക്കും ആരംഭിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഈ മേഖലയിൽ വ്യവസായം ആരംഭിക്കുന്ന വർക്ക് 50 ലക്ഷം രൂപവരെ ഗ്രാൻറ് നൽകുന്ന

പദ്ധതിപ്രകാരം കേരളത്തിൽ 127 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

കാർഷികോൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ കാർഷികോൽപ്പന്നങ്ങളുടെയും കാർഷിക വ്യവസായവുമായി ബന്ധപ്പെട്ട മിഷനറിയുടെയും മറ്റും പ്രദർശന പരിപാടികൾ സർക്കാർ നടപ്പിലാക്കിവരുന്നു.

കേരളത്തനിമയുള്ള ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ K-BIPനോട് നിർദ്ദേശിച്ചിട്ടുണ്ട്.

ഫുഡ് സംസ്ക്കരണ മേഖലയിൽ പുതിയ സംരംഭകരെ സൃഷ്ടിക്കുന്നതിന് വ്യവസായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

Rajesh
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *387

18-03-2010-ൽ മറുപടിക്ക്

കെ.എ.എല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. പി.ജയരാജൻ:<br>ശ്രീ. കെ.കെ. ദിവാകരൻ:<br>ശ്രീ. കെ.ടി. ജലീൽ:<br>ശ്രീ. പി.ടി.എ. റഹീം: | ശ്രീ. എളമരം കരീം<br>(വ്യവസായവകുപ്പ് മന്ത്രി) |
| (എ)കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2006-07 -ൽ 74.94 ലക്ഷം രൂപയും 2008-09 -ൽ 2.5 കോടി രൂപ പ്രവർത്തനമൂലധനമായും 65 ലക്ഷം രൂപ അത്യാവശ്യമുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനായും 2009-10-ൽ 1.50 കോടി രൂപ പ്രവർത്തനമൂലധനമായും നൽകിയിട്ടുണ്ട്. |
| (ബി) കമ്പനി ഇപ്പോൾ നേരിടുന്ന പ്രതിസന്ധി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) ആട്ടോമൊബൈൽ വിപണിയിലെ കടുത്ത മത്സരം, Front engine ഡീസൽ ഓട്ടോറിക്ഷകൾക്ക് മാർക്കറ്റിലെ ആവശ്യകതയിലുണ്ടായ വൻ ഇടിവ്, അന്തരീക്ഷമലിനീകരണവുമായി ബന്ധപ്പെട്ട് ഡീസൽ എഞ്ചിൻ വണ്ടികൾക്ക് സംസ്ഥാനങ്ങൾ ഏർപ്പെടുത്തുന്ന നിരോധനം, പുതിയ എമിഷൻ സ്റ്റാന്റേണ്ട്സിലുള്ള എഞ്ചിനുകളുടെ കുറഞ്ഞ ലഭ്യത, sales realization-ൽ എടുക്കുന്ന കാലതാമസം മൂലം പ്രവർത്തന മൂലധനത്തിലുണ്ടാകുന്ന ഇടിവ് തുടങ്ങിയവയാണ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ. |
| (സി) ത്രീ വീലറുകൾക്ക് പുറമേ എന്തെല്ലാം ഉല്പന്നങ്ങളാണ് കമ്പനിയിൽ നിർമ്മിക്കുന്നത്; | (സി) ത്രീ വീലറുകൾക്ക് പുറമേ കമ്പനി ഇപ്പോൾ മറ്റ് ഉല്പന്നങ്ങൾ നിർമ്മിക്കുന്നില്ല. |

(ഡി) കമ്പനി വർക്ക്ഷോപ്പ് നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) കമ്പനി വൈവിധ്യവൽക്കരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ?

(ഇ) വി.എസ്.എസ്.സി യിൽ നിന്നുള്ള കരാർ പണികൾ കൂടുതലായി ഏറ്റെടുത്ത് നഷ്ടം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കയർ ഉൽപ്പന്നങ്ങൾക്കാവശ്യമായ യന്ത്രങ്ങളുടെ നിർമ്മാണം പ്രായോഗികമാണോയെന്ന് പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 388 — 18.3.2010-ൽ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണവും ശമ്പള പരിഷ്കരണവും</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.കെ.ലതിക<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.എം.ഹംസ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.ബി.രാഘവൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനുമായി ഈ സർക്കാർ സ്വികരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും ലാഭകരമായി പ്രവർത്തിക്കുന്നതിനും അവയുടെ നവീകരണത്തിനുമായി സീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിൻെറയും, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിൻെറയും ഭാഗമായി പ്രവർത്തന മാന്ദ്യം നേരിട്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ സുസ്ഥിരമായ ഭാവി ഉറപ്പിൽ വരുത്തുന്നതിലേയ്ക്കായും അവരുടെ തന്നെ പ്രവർത്തന മേഖലയിൽ കഴിവു തെളിയിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്<br><br>• പൂട്ടിക്കിടക്കുന്നവയിൽ പുനരുദ്ധാരണത്തിന് സാധ്യമായവ തെരഞ്ഞെടുത്ത് പുനരുദ്ധരിക്കുക. |

- വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെൻറ് സംവിധാനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി സമർത്ഥരായ ചീഫ് എക്സിക്യൂട്ടീവ്മാരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ സമർത്ഥരായവരെ ലഭിക്കുന്നതിനായി പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികളുടെ ശമ്പളം കാറ്റഗറി അനുസരിച്ച് വർദ്ധിപ്പിക്കുവാനുള്ള ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

- വ്യവസായവകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം റിയാബ് മുഖേന ശക്തിപ്പെടുത്തി.. ഓരോ മാസവും നടത്തുന്ന പ്രവർത്തന അവലോകനത്തിൽ കഴിഞ്ഞമാസം കൈവരിച്ച ഉൽപാദനക്ഷമത പരിശോധിച്ച് കുറവുണ്ടെങ്കിൽ പരിഹാരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

- വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB മുഖേനയും, കമ്പനിതലത്തിലും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുന്നു. അത് കൈവരിക്കുന്നതിൻെറ പുരോഗതി മാസാമാസം അവലോകനം നടത്തുകയും ചെയ്യുന്നു.

- ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ മാനേജ്മെൻറ് തലത്തിൽ നടപടികൾ സ്വീകരിച്ചു.

- കമ്പനികളിലെ ഇൻേറണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനു വേണ്ടി സർക്കാർ RIAB മുഖേന ചാർട്ടേർഡ് അക്കൗണ്ടൻറ്സിൻെറ ഒരു പാനൽ തയ്യാറാക്കി അംഗീകരിക്കുകയും സ്ഥാപനങ്ങളോട് ഈ പാനലിൽ നിന്നു മാത്രമേ ഇൻേറണൽ ഓഡിറ്റേഴ്സിനെ നിയമിക്കാവൂയെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

- നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും സ്വീകരിച്ചുവരുന്നു.

(ബി) ഇതിൻെറ ഫലമായി കമ്പനികൾക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ;

(ബി) മുകളിൽ വിവരിച്ച നടപടികളുടെ ഫലമായി പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച പ്രവർത്തന പുരോഗതിയുടെ സംക്ഷിപ്ത വിവരം. അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.

(സി) ഈ സർക്കാർ എത്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള സ്ഥാപനങ്ങളിൽ ജീവനക്കാരുടെ ആനുകൂല്യങ്ങളിൽ വരുത്തിയ വർദ്ധനയുടെ വിശദവിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

| | |
|---|---|
| (ഡി) മറ്റു സ്ഥാപനങ്ങളിലും ശമ്പള പരിഷ്കരണം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ജീവനക്കാർക്ക് ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ ആവശ്യമായ അധിക തുക കണ്ടെത്തേണ്ടതുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി സർക്കാർ ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണം, വൈവിദ്ധ്യവത്ക്കരണം മുതലായ വികസനപ്രവർത്തനങ്ങൾക്ക് തന്നെ അപര്യാപതമായ സാഹചര്യത്തിൽ ഇതിന്മേൽ ഒരഭിപ്രായ സമന്വയം ആവശ്യമാണ്. അതിനാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ അവയെ ലാഭകരമാക്കാവുന്ന നവീകരണപദ്ധതികൾ കൂടി കണക്കിലെടുത്ത് ട്രേഡ് യൂണിയനുകളുമായും, മാനേജ്മെൻറുമായും ചർച്ച നടത്തി തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

✓ അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.389 | 18- 03 -2010 - ൽ മറുപടിയ്ക്ക് |
|---|---|

## കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിൽ ദന്തചികിത്സാ വിഭാഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്.തോമസ് :<br>പ്രൊഫ.എൻ. ജയരാജ്:<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിൽ ദന്തചികിത്സാ വിഭാഗം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (എ) | നിലവിൽ 73 ഗവൺമെൻറ് ആശുപത്രികളിൽ ദന്തൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. വിവിധ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 25 ആശുപത്രികളിൽകൂടി ദന്തചികിത്സാ വിഭാഗം ആരംഭിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചുവരുന്നു. |
| (ബി) | ആരോഗ്യ വകുപ്പിലെ ഡെൻറൽ ഹൈജീനിസ്റ്റുകളെ ഉപയോഗ പ്പെടുത്തി പൊതുജനങ്ങൾക്ക് ദന്താരോഗ്യത്തെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ? | (ബി) | നിലവിൽ ബോധവൽക്കരണപ്രവർത്തനം നടക്കുന്നുണ്ട്. ഇത് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. : 390

18.03.2010 - ൽ മറുപടിയ്ക്ക്

## ഭൂജല ചൂഷണം നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ്.എം.തോമസ്<br>" എ.സി.മൊയ്തീൻ<br>" സി.കെ.പി.പത്മനാഭൻ<br>" എസ്.രാജേന്ദ്രൻ<br>ശ്രീമതി.ജെ.അരുന്ധതി | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഭൂജല ചൂഷണം നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം നിയന്ത്രിക്കുന്നതിനും ഉപയോഗം ക്രമീകരിക്കുന്നതിനുമായി നടപ്പിലാക്കിയ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട്, 2002-ലെ വ്യവസ്ഥകൾ സംസ്ഥാന ഭൂജല അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) ഭൂജല നിയന്ത്രണ നിയമം ഭേദഗതി ചെയ്യാനായി സർക്കാർ നിയോഗിച്ച പ്രത്യേക കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ എന്തെല്ലാം ഭേദഗതിയാണ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ളത് ; | (സി) കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള പ്രധാന ഭേദഗതികൾ ചുവടെ കൊടുക്കുന്നു.<br>1) നിലവിലുള്ള ആക്റ്റ് പ്രകാരം 1.5 എച്ച്.പി.യ്ക്ക് മുകളിലുള്ള എൻജിനോ മോട്ടോറോ ഉപയോഗിക്കുന്ന പമ്പ് ഘടിപ്പിച്ച സാധാരണ കിണറുകൾക്കും 3 എച്ച്.പി.യ്ക്ക് മുകളിലുള്ള |

. . . . . . 2

എൻജിനോ മോട്ടോറോ ഉപ യോഗിക്കുന്ന പമ്പ് ഘടിപ്പിച്ച കുഴൽ കിണറുകളും അതോറി റ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന തിനു പകരം പമ്പ് ഘടിപ്പിച്ചിരി ക്കുന്ന എല്ലാ കിണറുകളും അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണം എന്ന നിബന്ധന പുതിയതായി ചേർക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

2) കിണർ എന്നതിന്റെ നിർവചന ത്തിൽ സർക്കാരോ സർക്കാർ ഏജൻസികളോ കുഴിയ്ക്കുന്ന കിണറുകളെ കൂടി ഉൾപ്പെടു ത്തണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

3) നിലവിലുള്ള സംസ്ഥാന ഭൂജല അതോറിറ്റിയിൽ 13 അംഗങ്ങളാ ണുള്ളത്. കമ്മിറ്റി ഇതിനു പുറമേ താഴെപ്പറയുന്ന 7 ഔദ്യോഗിക അംഗങ്ങളെകൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്ത ണമെന്ന് ശുപാർശ ചെയ്തിരി ക്കുന്നു.

1. സെക്രട്ടറി, നിയമ വകുപ്പ്.
2. ചീഫ് ജനറൽ മാനേജർ, നബാർഡ്, കേരള റീജിയൺ
3. റീജിയണൽ ഡയറക്ടർ, കേന്ദ്ര ഭൂജല ബോർഡ്, കേരള റീജിയൺ
4. ഡയറക്ടർ, വ്യവസായ വകുപ്പ്
5. ഡയറക്ടർ, കൃഷി വകുപ്പ്
6. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിലെ പരിസ്ഥിതി വകുപ്പ് മേധാവി
7. സൂപ്രണ്ടിംഗ് ഹൈഡ്രോജിയോള ജിസ്റ്റ്, ഭൂജല വകുപ്പ്

4) വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേ ശങ്ങളിൽ നിന്നും ഭൂജലം മറ്റു

...... 3

സ്ഥലങ്ങളിലേക്ക് കൊണ്ടു പോകുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയിൽ നിന്നും പെർമിറ്റ് കരസ്ഥമാക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.

5) കിണറുകളും/കുഴൽകിണറുകളും കുഴിക്കുന്ന ബിസിനസ്സു ചെയ്യുന്നവർ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ മാസവും നിർമ്മിക്കുന്ന കിണറുകളുടെ വിശദാംശങ്ങൾ അതോറിറ്റിയെ അറിയിക്കേണ്ടതുമാണ്.

6) നിലവിലുള്ള കിണർ ഉപയോഗ ശൂന്യമാവുകയാണെങ്കിൽ കിണറിന്റെ ഉടമസ്ഥനോ ഉപഭോക്താവോ സ്വന്തം ചിലവിൽ കിണർ മൂടി അതോറിറ്റിയെ അറിയിക്കേണ്ടതാണ്.

7) സംസ്ഥാനത്ത് പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നിർമ്മിക്കുന്ന കിണറുകൾക്ക് വൈദ്യുതി നിഷേധിക്കുന്നതിനുള്ള നടപടി കമ്മിറ്റിയുടെ ശുപാർശയിൽപെടുന്നു.

8) വ്യവസായ, വാണിജ്യ, വിനോദ ആവശ്യങ്ങൾക്കായി ഭൂജലം ഉപയോഗിക്കുന്നവരിൽ നിന്നും അതോറിറ്റിക്ക് സെസ്സ് ഈടാക്കുവാനുള്ള അധികാരം കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

9) അതോറിറ്റി ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്ന കാര്യത്തിൽ ആക്റ്റിലെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ ലംഘിക്കുകയോ അല്ലെങ്കിൽ പാലിക്കുന്നതിന് വീഴ്ച വരുത്തുകയോ

....... 4

| | | | |
|---|---|---|---|
| | | | ചെയ്യുന്ന കിണർ ഉടമസ്ഥനോ ഉപഭോക്താവിനോ നിശ്ചയിച്ചിട്ടുള്ള ശിക്ഷയിൽ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്തേക്ക് താഴെ പറയുന്നവ കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നു.<br>1.ആദ്യത്തെ കുറ്റത്തിന് രണ്ടായിരം രൂപ വരെയാകാവുന്ന പിഴശിക്ഷ.<br>2. രണ്ടാമത്തേയും അതിനു ശേഷവുമുള്ള കുറ്റത്തിന് നാലായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും. |
| (ഡി) | കുഴൽകിണർ നിർമ്മാണത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ കോഴിക്കോട്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് തുടങ്ങിയ വിജ്ഞാപനം ചെയ്യപ്പെട്ട അഞ്ചു ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മാണത്തിന് നിയന്ത്രണം നിലവിലുണ്ട്. |
| (ഇ) | സംസ്ഥാനത്ത് ജലദൗർലഭ്യമുള്ള പ്രദേശങ്ങളായി വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമാണ് ; | (ഇ) | തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ കോഴിക്കോട്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് എന്നീ ബ്ലോക്കുകളാണ് അമിതചൂഷിത വിഭാഗത്തിലായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളത്. |
| (എഫ്) | ഭൂഗർഭ ജലം വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പദ്ധതി ആവിഷ്ക്കരിക്കുമോ ? | (എഫ്) | ഭൂജല വകുപ്പ്, ഭൂഗർഭ ജലം വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കൃത്രിമ ഭൂജല സംപോഷണമാർഗ്ഗം ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ അമിത ചൂഷിത, ഗുരുതര, ഭാഗിക ഗുരുതര ബ്ലോക്കുകളിൽ (50 എണ്ണം) കിണറുകൾ മുഖേനയുള്ള കൃത്രിമ ഭൂജല സംപോഷണ പദ്ധതി |

- - - - 5

(212 കോടി അടങ്കൽ തുക) കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാന ഭൂജല അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ മാദ്ധ്യമ സെമിനാറുകൾ നടത്തിയും പരസ്യങ്ങളും, ഡോക്കുമെന്ററിയും പ്രദർശിപ്പിച്ചും, കൈപ്പുസ്തകങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്തും ഈ രംഗത്ത് ബോധവത്ക്കരണവും നടത്തുന്നുണ്ട്. ഇനിയും ഇത്തരം പദ്ധതികളുമായി മുന്നോട്ട് പോകുന്നതാണ്.

സെക്ഷൻ ഓഫീസർ